# വിശ്വാസത്തിൽ മുന്നോട്ട്



റിച്ചാർഡ് എ. ബെന്നറ്റ്

# വിശ്വാസത്തിൽ മുന്നോട്ട്

റിച്ചാർഡ് എ. ബെന്നറ്റ്

***Vishvasathil Munnottu***
(Malayalam)

Forward in Faith!
by Richard A. Bennett

Copyright © Cross Currents International Ministries.
www.ccim-media.com

First Malayalam edition 2018

All rights reserved.
No part of this publication may be reproduced in any form or by any means, electronic, or mechanical, including photocopying, recording, or any information storage and retrieval system, without prior permission in writing from the publisher.

Hard copy is available at www.christianstore.in

# ഉള്ളടക്കം

പേജ്


| | |
|---|---|
| ആമുഖം | 7 |
| 1. മഹാ സന്തോഷം! | 9 |
| 2. ‘‘പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ’’ | 15 |
| 3. ‘‘കുഞ്ഞാട് യോഗ്യൻ’’ | 23 |
| 4. ‘‘ധൈര്യമായിരിക്ക’’ | 31 |
| 5. ‘‘എന്റെ സാന്നിധ്യം നിന്നോടു കൂടെ പോരും’’ | 37 |
| 6. ന്യായപ്രമാണ ദാതാവാണ് ന്യായപ്രമാണ സംരക്ഷകൻ | 49 |
| 7. ‘‘എന്നിട്ടും ഞാൻ ജീവിക്കുന്നു’’ | 55 |
| 8. പ്രയോഗത്തിലായ വിശ്വാസം | 63 |
| 9. വിശ്വാസത്തിൽകൂടി വിജയം | 69 |

# ആമുഖം

'വിശ്വാസത്തിൽ മുന്നോട്ട്' എന്ന ഈ പുസ്തകം പ്രിയ വായനക്കാരെ ഫറവോന്മാരുടെ ദേശത്ത് അനുഭവിക്കുന്ന അടിമത്തത്തിൽനിന്ന് ആത്മിക അനുഗ്രഹത്തിന്റെ വാഗ്ദത്തനാട്ടിലേക്ക് നയിക്കുവാൻ സഹായിക്കുന്നതാണ്. ദൈവത്തിന്റെ വിശുദ്ധിയുടെ ഭയങ്കരത്വത്തെ ധ്യാനിക്കുമ്പോൾ അത് വിശ്വാസജീവിതത്തെ ഉത്തേജിപ്പിക്കും; ദൈവകുഞ്ഞാടിന്റെ ''നിവൃത്തിയാക്കപ്പെട്ട പ്രവൃത്തിയും'' വീര്യവും നാം കാണും. *യേശുക്രിസ്തു എന്ന ഒരുവനാൽ നാം ജീവനിൽ വാണുകൊണ്ട്* (റോമ. 5.17) കാലേബിന്റെയും യോശുവയുടെയും കാൽപ്പാടുകളെ പിന്തുടർന്ന് സ്വർഗത്തിലെ നമ്മുടെ സ്ഥാനം നമുക്ക് ഉറപ്പിക്കുവാനാകും.



# അധ്യായം 1

## മഹാ സന്തോഷം!

*എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും;*
*എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും.*
ഹബക്കൂക്ക് 3.18

വിശുദ്ധനായ ദൈവം എന്തുകൊണ്ട് പാപത്തിനു ശിക്ഷവിധിക്കുന്നു എന്ന തന്റെ ബോധ്യത്തെക്കുറിച്ചു ഡൊറോത്തി പറഞ്ഞപ്പോൾ, ഒരു ലിബറൽ സെമിനാരിയിൽ പഠിച്ചിറങ്ങിയ ഒരു യുവശുശ്രൂഷകൻ അവരെ പരിഹസിച്ചു. കനാന്യരെയും അവരുടെ സഹവർത്തികളെയും നശിപ്പിച്ചതിനുള്ള കാരണം താഴെ കൊടുക്കുന്നു.

ഇന്നു നാം കാണുമ്പോലെ ദേശം വലിയ പ്രതിസന്ധിയിലും വിപത്തിലും ആയിരുന്നപ്പോൾ, കല്ദയരുടെ അധീനത്തിൽ കഴിഞ്ഞ ഒരു പ്രവാചകനായിരുന്നു ഹബക്കൂക്ക്.

- ദേശത്തു കലാപം: *കവർച്ചയും സാഹസവും എന്റെ മുമ്പിൽ ഉണ്ട്,* ഹബ. 1.3.

- അഴിമതിക്കാരായ ന്യായാധിപന്മാർ: *ന്യായം വക്രതയായി വെളിപ്പെട്ടുവരുന്നു,* ഹബ. 1.4.
- ഭൂമി കൈയേറുന്ന പരിസ്ഥിതി സംരക്ഷകർ: *അവർ തങ്ങളുടേതല്ലാത്ത വാസസ്ഥലങ്ങളെ കൈവശമാക്കേണ്ടതിനു,* ഹബ. 1.6.
- ലൈംഗികാരാജകത്വവും നീതികേടും: *നീ എന്നെ നീതികേടു കാണുമാറാക്കുന്നത്...എന്തിന്?* ഹബ. 1.3
- ജനപ്രക്ഷോഭവും ആഭ്യന്തരകലഹവും: തെരുവുകളിൽ കോപപ്രകടനവും ലജ്ജാകരമായ കേളികളും: *കവർച്ചയും സാഹസവും എന്റെ മുമ്പിൽ ഉണ്ട്; കലഹം നടക്കുന്നു; ശണ്ഠ ഉളവായിവരും,* ഹബ. 1.3.

**കലാപം:** നിങ്ങൾ ചോദിച്ചേക്കും ''ഈ കലങ്ങിമറിഞ്ഞ ലോകത്തിൽ ഞാനെന്തുചെയ്യും'' എന്ന്. ഇതുപോലെയുള്ള ഒരു പരിതഃസ്ഥിതിയിൽ ഹബക്കൂക്ക് എന്താണു ചെയ്തത്?

ഹബക്കൂക്ക് ഭാവികാലസംഭവങ്ങൾ കൃത്യമായി പ്രവചിച്ചെങ്കിലും, തന്റെ ചെറിയ മൂന്ന് അധ്യായങ്ങൾ ഉപസംഹരിച്ചത് ഭാവികാലത്തെ നോക്കിയല്ല, ഭൂതകാലത്തെ നോക്കിക്കൊണ്ടാണ്. ഈ രീതിയിൽ, ഇന്നലെയുടെ ദൈവമാണ് ഇന്നിന്റെ ദൈവമെന്ന് വിശ്വസിക്കത്തക്ക നിലയിൽ സർവശക്തനായ ദൈവത്തിന്റെ ശക്തിയിലും സംരക്ഷണത്തിലുമുള്ള അവന്റെ വിശ്വാസവും ഉറപ്പും ഉണർത്തപ്പെട്ടു!

മൂന്നാം അധ്യായത്തിൽ ''സേലാ'' എന്ന വാക്ക് മൂന്നു തവണ കാണുന്നു. അതിന്റെ അർഥം, ''ഒന്നു നിന്നിട്ട് ഇതെക്കുറിച്ചു ചിന്തിക്കുക'' എന്നാണ്. ഒഴുക്കിന് ഒത്ത്

പോകുന്ന നമ്മുടെ ക്രിസ്തീയ സംസ്കാരത്തിൽ പാലിക്കാത്ത ഒരു കാര്യമാണത്. നാം ബൈബിൾ വായിക്കാറുണ്ട്, എന്നാൽ മിക്കപ്പോഴും അതു പ്രയോഗിക്കാതെ പോകുന്നു! മനുഷ്യസംബന്ധവും പ്രപഞ്ച സംബന്ധവുമായ അത്ഭുതങ്ങളുടെ പശ്ചാത്തലത്തിലാണ് ''സേലാ'' എന്ന വാക്ക് ഓരോ പ്രാവശ്യവും കൊടുത്തിരിക്കുന്നത്—ഒന്ന്, പർവതങ്ങൾ; രണ്ട്, നദിയും സമുദ്രവും; മൂന്ന്, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും. ന്യായപ്രമാണം തരുന്ന, ജീവൻ തരുന്ന, കേൾക്കുന്ന ദൈവത്തെ ധ്യാനിച്ചുകൊണ്ട് നമ്മുടെ വിശ്വാസത്തെ ഉറപ്പിക്കാം.

**ന്യായപ്രമാണം തരുന്ന ദൈവം:** *ദൈവം തേമാനിൽനിന്നും പരിശുദ്ധൻ പാറാൻപർവതത്തിൽനിന്നും വരുന്നു. സേലാ* (ഹബ. 3.3). ഒന്നു നിന്നിട്ട് അതെക്കുറിച്ചു ചിന്തിക്കുക! സീനായ്പർവതത്തെപ്പോലെയൊരു പർവതമാണ് പാറാൻ പർവതം. ന്യായപ്രമാണത്തിന്റെ പലകകൾ ദൈവം മോശെക്കു കൊടുത്തത് അവിടെവച്ചാണ്. ന്യായപ്രമാണം ലംഘിക്കുവാൻ പാടില്ല, എന്നാൽ അതു ലംഘിക്കുന്നവൻ അതിനാൽ തന്നേ സ്വയം തകർക്കപ്പെടും!

**ജീവൻ തരുന്ന ദൈവം:** *യഹോവ നദികളോടു നീരസപ്പെട്ടിരിക്കുന്നുവോ?...നീ കുതിരപ്പുറത്തും ജയരഥത്തിലും കയറിയിരിക്കുകയാൽ നിന്റെ ക്രോധം സമുദ്രത്തിന്റെ നേരെ ഉള്ളതോ?...സേലാ* (ഹബ. 3.8,9). ഒന്നു നിന്നിട്ട് അതെക്കുറിച്ചു ചിന്തിക്കുക! ഫറവോന്റെ ദുഷ്ടസൈന്യത്തിൽനിന്നു യിസ്രായേൽമക്കളെ വിടുവിക്കുവാൻ ദൈവത്തിന്റെ സർവശക്തിയുള്ള കരം ചെങ്കടലിനെ രണ്ടായി വിഭജിച്ചു. ഇത് അസാധ്യകാര്യങ്ങളിൽനിന്ന് നമ്മുടെ ചിന്തകളെ മാറ്റി അസാധ്യങ്ങളുടെ ദൈവത്തിൽ വിശ്വാസം അർപ്പിക്കുവാൻ പ്രേരിപ്പിക്കുന്നു. വീണ്ടും നമ്മുടെ

സർവശക്തനായ ദൈവം യോർദാൻനദിയുടെ ഒഴുക്കിനെ നിർത്തിയിട്ട് യിസ്രായേൽമക്കൾക്ക് വാഗ്ദത്തനാട്ടിൽ പ്രവേശിക്കുവാൻ വഴിയൊരുക്കി. നാം സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്ന ദൈവമാണ് ഇത്!

**കേൾക്കുന്ന ദൈവം:** വാഗ്ദത്തനാട്ടിൽ യിസ്രായേൽ മക്കൾക്ക് ഏറെ എതിർപ്പ് നേരിടേണ്ടിവന്നു. കനാന്യരെയും മറ്റു ദുഷ്ടജാതികളെയും ന്യായംവിധിച്ച് നശിപ്പിക്കണമെന്നുള്ളത് ദൈവത്തിന്റെ കൽപ്പനയായിരുന്നു.

ഹബക്കൂക്ക് ഓർത്തു: *നിന്റെ അസ്ത്രങ്ങൾ പായുന്ന പ്രകാശത്തിങ്കലും മിന്നിച്ചാടുന്ന കുന്തത്തിന്റെ ശോഭയിങ്കലും സൂര്യനും ചന്ദ്രനും സ്വഗൃഹത്തിൽ നിൽക്കുന്നു. ക്രോധത്തോടെ നീ ഭൂമിയിൽ ചവിട്ടുന്നു; കോപത്തോടെ ജാതികളെ മെതിക്കുന്നു... സേലാ* (ഹബ. 3.11–13). ഒന്നു നിന്നിട്ട് അതെക്കുറിച്ചു ചിന്തിക്കുക!

സൗരയൂഥത്തിന്റെ ഭ്രമണഗതി ഇരുപത്തി നാലു മണിക്കൂർ നേരത്തേക്ക് നിന്നത് എപ്പോഴാണ്? മുന്നേറിക്കൊണ്ടിരുന്ന യിസ്രായേൽസൈന്യത്തിനെതിരായി അഞ്ചു രാജാക്കന്മാർ സഖ്യമുണ്ടാക്കിയിട്ടുചെയ്ത നിർണായകമായ യുദ്ധസമയത്താണതു സംഭവിച്ചത്. ആ സമയത്ത് അസാധ്യങ്ങളുടെ ദൈവത്തിന്റെ മുമ്പാകെ യോശുവ എന്ന ഒരു മനുഷ്യൻ മധ്യസ്ഥ പ്രാർഥനയ്ക്കായിട്ടു ചെന്നു: *എന്നാൽ യഹോവ അമോര്യരെ യിസ്രായേൽമക്കളുടെ കൈയിൽ ഏല്പിച്ചുകൊടുത്ത ദിവസം യോശുവ യഹോവയോടു സംസാരിച്ച്, യിസ്രായേൽമക്കൾ കേൾക്കെ: സൂര്യാ, നീ ഗിബെയോനിലും ചന്ദ്രാ, നീ അയ്യാലോൻ താഴ്വരയിലും നിൽക്കുക എന്നു പറഞ്ഞു. ജനം തങ്ങളുടെ ശത്രുക്കളോടു പ്രതികാരം ചെയ്യുവോളം സൂര്യൻ നിന്നു, ചന്ദ്രനും നിശ്ചലമായി.... യഹോവ ഒരു മനുഷ്യന്റെ വാക്കു*

*കേട്ടനുസരിച്ച ആ ദിവസംപോലെ ഒരു ദിവസം അതിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ല; യഹോവ തന്നെയായിരുന്നു യിസ്രായേലിനുവേണ്ടി യുദ്ധം ചെയ്തത്* (യോശുവ 10. 12-14). വിശ്വാസത്തിന്റെ കരംകൊണ്ട് നമ്മെ മുന്നോട്ട് തള്ളിവിട്ടിട്ട് അസാധ്യമായതു ചെയ്യുവാൻ ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യുന്നതാണിത്. കലഹങ്ങളുടെയും സംഘർഷങ്ങളുടെയും ദിനങ്ങൾ അധികമധികമായി നേരിട്ടുകൊണ്ടിരിക്കുന്ന നമുക്ക് ഇതൊരു വലിയ പ്രോത്സാഹനമാണ്.

**മത്സരം:** 'ദൈവത്തിന്റെ മഹാ കോപദിവസം' വരുന്നതിനു മുമ്പ് യഥാർഥമായി വീണ്ടും ജനിക്കപ്പെട്ട വിശ്വാസികൾ ''എടുക്കപ്പെടും'' എന്നുള്ളത് സത്യമാണ്. മത്സരിക്കുന്ന ഈ ലോകത്തിന്റെ ഭാവി എന്താണെന്നതിന്റെ മുൻകുറിയാണ് കനാന്യരുടെ നാശം. അതിനു പറയുന്ന പേരാണ് ''മഹോപദ്രവം.'' ഇന്ന് നാം 'മഹോപദ്രവത്തിനു മുമ്പുള്ള' ഉപദ്രവം കൂടുതലായി കണ്ടുകൊണ്ടിരിക്കുകയാണ്. ഇത് വീണ്ടും ജനിക്കപ്പെട്ട വിശ്വാസികളുടെ മേൽ അവിശ്വാസികൾ നടത്തുന്ന കോപപ്രവാഹമാണ്: *ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും...ആയ വലിയ കഷ്ടം അന്ന് ഉണ്ടാകും* (മത്തായി 24.21). ''മഹോപദ്രവ കാല'' ന്യായവിധി ഏഴു വർഷത്തെ കാലയളവിലാണു നടക്കുന്നത്. അന്ന് ക്രിസ്തുവിനെ നിരസിക്കുന്ന ലോകത്തിന്മേൽ ''ദൈവക്രോധം'' വർഷിക്കപ്പെടും.

**കീഴടക്കൽ:** കുരിശിലേക്ക് പോകുംമുമ്പ് കർത്താവായ യേശു പറഞ്ഞു: *ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളിക്കളയും* (യോഹ. 12.31). അതുകൊണ്ട് ഇന്ന് നമുക്ക് അത് ധ്യാനിക്കാം: *മരണത്തിന്റെ അധികാരിയായ*

*പിശാചിനെ തന്റെ മരണത്താൽ നീക്കി* (എബ്രാ. 2.14).

ദൈവത്തിനു സ്തോത്രം! വിശ്വാസത്തിന്റെ പ്രാർഥന വിജയത്തിനു***വേണ്ടി*** പോരാടുകയല്ല, എന്നാൽ നേടിയെ ടുക്കപ്പെട്ട വിജയ***ത്തിൽ*** സന്തോഷിക്കുകയാണ്. നമ്മുടെ പരിശോധനയുടെ ദിനങ്ങളിൽ സന്തോഷിക്കുവാൻ അവന്റെ ‘‘നിവൃത്തിയാക്കപ്പെട്ട പ്രവൃത്തി’’യിലുള്ള വിശ്വാസം സഹായിക്കുന്നു.

*അത്തിവൃക്ഷം തളിർക്കുകയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകുകയില്ല; ഒലിവുമരത്തിന്റെ പ്രയത്നം നിഷ്ഫലമായ് പ്പോകും; നിലങ്ങൾ ആഹാരം വിളയിക്കുകയില്ല; ആട്ടിൻകൂട്ടം തൊഴുത്തിൽനിന്ന് നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കുകയില്ല.* ***എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും*** (ഹബ. 3.17,18).

**മഹാ സന്തോഷം!** യഹോവയിലെ സന്തോഷം എനിക്കും നിനക്കും സാധ്യമായിരിക്കുന്നു, എന്തുകൊണ്ടെന്നാൽ അവൻ ഈ ലോകത്തിൽ പാപമില്ലാത്ത ശരീരത്തിൽ വന്ന് പീഡനമേറ്റ് കുരിശിന്മേൽ മരിച്ച്, മരിച്ചവരിൽനിന്ന് ജയാളിയായി ഉയിർത്തെഴുന്നേറ്റ്, സ്വർഗത്തിലേക്ക് കരേറിപ്പോയിട്ട്, ഭൂമിയിലേക്ക് തന്റെ പരിശുദ്ധാത്മാവിനെ പകർന്നിരിക്കുന്നു. അവന്റെ ഉയിർപ്പിൻ ജീവനാൽ അവന്റെ വരവിലും എല്ലാ സാഹചര്യത്തിലും നമുക്ക് സന്തോഷിക്കുവാനാകും. നിശ്ചയമായും വിജയകരമായ ക്രിസ്തീയ ജീവിതത്തിന്റെ രഹസ്യമെന്നു പറയുന്നത് സന്തോഷം! സന്തോഷം! സന്തോഷം! ആകുന്നു. അതുകൊണ്ട് നമുക്ക് കർത്താവിൽ ***സന്തോഷിക്കാം!***



# അധ്യായം 2
# "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ"

ഈ വിഷയം ധ്യാനിച്ചപ്പോൾ എന്റെ ഉള്ളത്തിൽ നിന്നു ബഹിർഗമിച്ച വിസ്മയവും സ്നേഹവും സ്തുതിയും അൽപ്പമെങ്കിലും ഞാനിവിടെ കുറിക്കുന്ന വാക്കുകളിലൂടെ വിവരിക്കുവാനായാൽ എന്റെ പ്രാർഥന സഫലമായി.

*കർത്താവ്...ഇരിക്കുന്നതു ഞാൻ കണ്ടു* എന്ന് 2600 വർഷങ്ങൾക്കു മുമ്പ് യെശയ്യാവ് പറഞ്ഞപ്പോൾ അവനുണ്ടായത് ജീവിതത്തെ മാറ്റിമറിക്കുന്ന ഒരനുഭവമായിരുന്നു. കർത്താവ് സിംഹാസനത്തിൽ ഇരിക്കുന്ന ഈ ദർശനത്തോടൊപ്പം സാറാഫുകളുടെ ശബ്ദം ആലയത്തിൽ മുഴങ്ങിക്കേട്ടു. ഓരോ സാറാഫിന് ആറാറു ചിറക് ഉണ്ടായിരുന്നു. അതിൽ നാലു ചിറകുകൾ സ്വയം മറയ്ക്കുവാനും രണ്ടെണ്ണം മാത്രം പറക്കുവാനും. ഇന്നത്തെ സഭയിൽ നേരേ മറിച്ചാണു സംഭവിക്കുന്നത്. കർത്താവിനു വേണ്ടിയുള്ള ശുശ്രൂഷയിൽ വിജയിക്കണമെങ്കിൽ നല്ല

പ്രതിച്ഛായ ഉണ്ടാക്കണമെന്നാണു വിചാരം; അവരുടെ നേട്ടങ്ങളും കഴിവുകളും വ്യക്തിത്വവുമൊക്കെ ആളുകൾ കാണത്തക്കവിധം പരസ്യപ്പെടുത്തണം. എന്നാൽ സാറാഫുകൾ അങ്ങനെയല്ലായിരുന്നു!

ആലയത്തിന്റെ പ്രാകാരങ്ങളിൽ സാറാഫുകൾ ആർത്തുപറയുന്ന ശബ്ദം മുഴങ്ങിക്കൊണ്ടേയിരുന്നു, *സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു* (യെശ. 6.3). വാസ്തവത്തിൽ അവർ പറഞ്ഞത് ഇതാണ്, ''നിങ്ങളുടെ ദൃഷ്ടികൾ ഞങ്ങളിൽനിന്നു മാറ്റുക, യഹോവയെ അവന്റെ മഹത്വത്തിലും പരിശുദ്ധിയിലും കാണുക.''

വിശുദ്ധിയുടെയും മഹത്വത്തിന്റെയും വ്യക്തമായ ഈ അന്തരീക്ഷത്തിൽ യെശയ്യാവ് സ്വന്തം പാപത്തെക്കുറിച്ചും ആവശ്യത്തെക്കുറിച്ചും ബോധമുള്ളവനായി മാറി. *എനിക്ക് അയ്യോ കഷ്ടം!* അവൻ നിലവിളിച്ചു, *ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളൊരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ* (യെശ. 6.5). 'സൈന്യങ്ങളുടെ യഹോവ' പ്രത്യക്ഷപ്പെട്ട ആ നാടകീയ മുഹൂർത്തത്തിൽ മറ്റുള്ളവരുടെ ആവശ്യങ്ങളെ പറ്റിയുള്ള പരാതിയിൽനിന്നു താൻ മാറിയിട്ട്, സ്വയം തകർന്നവനായി അവൻ കരയുകയാണ്—*എനിക്ക് അയ്യോ കഷ്ടം!*

വിശുദ്ധിയുടെയും മഹത്വത്തിന്റെയും ദൈവവുമായി വിശ്വാസികൾ കണ്ടുമുട്ടുമ്പോഴാണ് ഉണർവ് ആരംഭിക്കുന്നത്. പ്രസംഗകനെ കേന്ദ്രീകരിച്ചുള്ള നിലക്കണ്ണാടികളോ ധവളപ്രകാശമോ ആവശ്യമില്ല, ജനക്കൂട്ടത്തെ ആകർഷിക്കുവാനായി വികാരസാന്ദ്രമായ സംഗീതവും ആവശ്യമില്ല, മഹത്വത്തിന്റെ പരിശുദ്ധദൈവ

വുമായി കണ്ടുമുട്ടിയാൽ മാത്രം മതി. കർത്താവായ യേശുവിന്റെ നിഷ്കളങ്ക രക്തത്താൽ നിർബന്ധമായും കഴുകപ്പെടേണമെന്ന് ബോധ്യപ്പെടുവാൻ വിശുദ്ധിയെക്കുറിച്ച് മനസ്സിലാക്കേണമെന്നത് ആവശ്യമാണ്.

*അതുകൊണ്ട് സഹോദരന്മാരേ, യേശു...തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിന് ധൈര്യവും...നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ട് പരമാർഥഹൃദയത്തോടെ അടുത്തുചെല്ലുക* (എബ്രാ. 10.19, 20,22).

**യെശയ്യാവിന് ഇത് മൂന്നുവിധ പ്രക്രിയ ആയിരുന്നു:**

*ഒന്ന്:* യെശയ്യാവ് തന്റെ നില്പിൽനിന്ന് മറിഞ്ഞുവീണിട്ടു പറഞ്ഞു: *ഞാൻ നശിച്ചു*, മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ‘‘എന്റെ കഥ തീർന്നു.’’

*രണ്ട്:* യെശയ്യാവിനു മുമ്പ് ഓർമയില്ലാതിരുന്ന പാപങ്ങളെക്കുറിച്ച് പരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽവച്ച് ബോധ്യമുണ്ടായപ്പോൾ അവനത് ഏറ്റുപറഞ്ഞു: *ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളൊരു മനുഷ്യൻ.* പരിശുദ്ധദൈവവുമായി നാം വാസ്തവത്തിൽ കാണുമ്പോൾ മനസ്സാക്ഷിക്കുത്ത് ഉണ്ടായിട്ട് നല്ലബോധം വരും. യെശയ്യാവിന്റെ പ്രശ്നം ശുദ്ധിയില്ലാത്ത അധരങ്ങളായിരുന്നു: *നാവിനെയോ, മനുഷ്യർക്കാർക്കും മെരുക്കാവുന്നതല്ല; അത് അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞത്...ഒരു വായിൽനിന്നു തന്നേ സ്തോത്രവും ശാപവും പുറപ്പെടുന്നു. സഹോദരന്മാരേ, ഇങ്ങനെ ആയിരിക്കുന്നതു യോഗ്യമല്ല* (യാക്കോബ് 3.8,10). ഞാൻ ഉച്ചരിക്കപ്പെടാത്ത വാക്കുകളുടെ *യജമാനനാണ്*, എന്നാൽ ഞാൻ ഉച്ചരിക്കപ്പെട്ട വാക്കുകളുടെ *അടിമയാണ്*—കോപ

വാക്കുകൾ; അഹങ്കാരവാക്കുകൾ; വിമർശനവാക്കുകൾ; വ്യാജത്തിന്റെ വാക്കുകൾ; അസൂയയുടെ വാക്കുകൾ; മുഖസ്തുതിയുടെ വാക്കുകൾ; നുണയുടെ വാക്കുകൾ— ലിസ്റ്റ് അങ്ങനെ നീളുകയാണ്!

*മൂന്ന്:* യെശയ്യാവിന്റെ ആവശ്യത്തിന്റെ മുന്നിൽ യഹോവ ഒരു കാര്യം ചെയ്തു: *അപ്പോൾ സാറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽനിന്ന് കൊടിൽകൊണ്ട് ഒരു തീക്കനൽ എടുത്തു കൈയിൽ പിടിച്ചുകൊണ്ട് എന്റെ അടുക്കൽ പറന്നുവന്നു* (യെശ. 6.6). അതേ, തീക്കനൽ എടുത്തത് യാഗപീഠത്തിൽനിന്നാണ്—രക്തം ചൊരിഞ്ഞ് യാഗം നടത്തിയ സ്ഥലം. നരകത്തീ കത്തുന്ന അധരങ്ങളിന്മേൽ പെന്തകോസ്തിന്റെ അഗ്നി കത്തുകയില്ല. അശുദ്ധവാക്കുകൾ, ചിന്തകൾ, പ്രവൃത്തികൾ എന്നിവയെക്കുറിച്ച് പരസ്യമായും സത്യസന്ധമായും ഏറ്റുപറഞ്ഞെങ്കിൽ മാത്രമേ ശുദ്ധിയുള്ള അധരങ്ങളും ജീവനുപുതുക്കവും പ്രാപിക്കുവാനാകയുള്ളൂ!

*നാല്:* കർത്താവ് പറഞ്ഞു, *ഞാൻ ആരെ അയയ്ക്കേണ്ടൂ? ആര് നമുക്കുവേണ്ടി പോകും?* അപ്പോൾ യെശയ്യാവ് ഉത്തരം പറഞ്ഞു: *അടിയൻ ഇതാ അടിയനെ അയയ്ക്കണമേ* (യെശ. 6.8). പാപവും പരാജയവും നിമിത്തം ഞാൻ നശിച്ചു എന്നു പറഞ്ഞ യെശയ്യാവ് നുറുക്കത്തോടെ സത്യസന്ധമായി ഏറ്റുപറഞ്ഞപ്പോൾ അവൻ പുതുതാക്കപ്പെട്ടു. അവൻ ഇനിമേൽ സ്വന്തം ശക്തിയിലല്ല ആശ്രയിക്കുന്നത്, എന്നാൽ ജീവിക്കുന്ന ദൈവത്തിലത്രേ സമ്പൂർണമായി ആശ്രയിക്കുന്നത്.

ശ്രദ്ധിക്കണേ, കർത്താവ് ഇതും പറഞ്ഞു: *ആര് **നമുക്കു** വേണ്ടി പോകും?* ത്രിത്വത്തിൽ ഏകമായ, ഏകത്തിൽ ത്രിത്വമായ നിത്യനാം ത്രിയേക ദൈവമാണ് ഈ നിയോഗം കൊടുത്തത്: *പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ;*

പരിശുദ്ധപിതാവും പരിശുദ്ധദാസനായ യേശുവും പരിശുദ്ധാത്മാവും.

**പരിശുദ്ധപിതാവ്:** കർത്താവായ യേശു ക്രൂശിന്റെ അപമാനം സഹിക്കാൻ പോകുന്ന നാഴികയ്ക്കു മുമ്പായി, *സ്വർഗത്തേക്കു നോക്കി പറഞ്ഞതെന്തെന്നാൽ: പിതാവേ, നാഴിക വന്നിരിക്കുന്നു* (യോഹ. 17.1). എന്നിട്ട് തന്റെ ക്രൂശീകരണത്തിന്റെയും ഉയിർപ്പിന്റെയും സ്വർഗാരോഹണത്തിന്റെയും പ്രതീക്ഷയിൽ താൻ പോയതിനുശേഷവും ഭൂമിയിൽ ഉണ്ടായിരിക്കുന്ന തന്റെ ശിഷ്യന്മാർക്കുവേണ്ടി അവൻ പ്രാർഥിച്ചു: ***പരിശുദ്ധ** പിതാവേ, അവർ നമ്മെപോലെ ഒന്നാകേണ്ടതിനു, നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളണമേ* (യോഹ. 17.11).

**പരിശുദ്ധദാസനായ യേശു:** പത്രൊസും യോഹന്നാനും സുവിശേഷം പ്രസംഗിച്ചപ്പോൾ അവരെ പിടികൂടി ഭീഷണിപ്പെടുത്തി തർജനംചെയ്തിട്ട് വിട്ടയച്ചു. അവരുടെ വിരോധത്തിന്റെ ലക്ഷ്യം എന്തെന്നു കൃത്യമായി മനസ്സിലാക്കിയിട്ട് അവർ പറഞ്ഞു: *യേശു എന്ന നിന്റെ **പരിശുദ്ധ**ദാസന് വിരോധമായി* (അപ്പൊ. 4.27).

ഒരു ക്രിസ്തു-വിരോധ സംസ്കാരത്താൽ ലോകമാസകലം സുവിശേഷത്തിനു നേരേ എതിർപ്പ് വർധിച്ചുവരികയാണ്. പ്രഥമമായും ഈ ആക്രമണം യഥാർഥ വിശ്വാസികൾക്കു നേരേയാണു പ്രകടമാവുന്നത്. ദൈവത്തിനു സ്തോത്രം, സുവിശേഷത്തിന്റെ വെളിച്ചം അനവധിപേരെ കർത്താവായ യേശുക്രിസ്തുവിലേക്ക് ആകർഷിക്കുന്നുണ്ട്. എന്നാൽ വിശുദ്ധവും ശുദ്ധവും നീതിയും സത്യവും ആയതിനെയെല്ലാം എതിർക്കുന്നവരുണ്ടെന്നുള്ളത് വേദനാജനകമാണ്.

ഇതിന്റെ ഫലമായി അനവധി വിശ്വാസികൾ പീഡിപ്പി

ക്കപ്പെടുകയും അപമാനിക്കപ്പെടുകയും ഒറ്റപ്പെടുത്തപ്പെടുകയും, ശിരച്ഛേദംചെയ്യപ്പെടുകപോലും ചെയ്യുന്നു. സ്കൂളുകളിൽപോലും രാഷ്ട്രീയ സ്വാധീനത്താൽ ക്രിസ്തീയ അധ്യാപകരെയും വിദ്യാർഥികളെയും നിശബ്ദരാക്കുവാൻ സമ്മർദംചെലുത്തുന്നു. നാം ഏതു തരത്തിലുള്ള പീഡനം സഹിക്കേണ്ടിവന്നാലും എപ്പോഴും ഓർക്കുക, ഉള്ളത്തിൽ വസിക്കുന്ന യേശുക്രിസ്തുവിന് എതിരായുള്ള സാത്താന്യ പ്രേരിതമായ ആക്രമണങ്ങളാണിത്, എന്നാൽ യേശു മാത്രമാണ് ജയാളി!

**പരിശുദ്ധാത്മാവ്:** കഴിഞ്ഞദിവസം ഡൊറോത്തിയും ഞാനും പെന്തകോസ്തു ദിനത്തെക്കുറിച്ച് ശിഷ്യന്മാർ, ***പരിശുദ്ധാത്മാവ്*** *നിറഞ്ഞവരായി* (അപ്പൊ. 2.4) എന്ന വേദഭാഗം വയിക്കുകയായിരുന്നു. യേശുക്രിസ്തുവിന്റെ നിഷ്കളങ്കമായ രക്തം കാൽവറിയിൽ ചൊരിഞ്ഞത് സ്വർഗം സ്വീകരിച്ചതിനാൽ, ശുദ്ധമാക്കുന്ന ആ രക്തത്തിനു പരിശുദ്ധാത്മാവ് സാക്ഷ്യം വഹിക്കുന്നു. അതുകൊണ്ട് അനുതാപഹൃദയത്തോടെ നമുക്കു കരയാം, *ദൈവമേ, നിർമലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കണമേ* (സങ്കീ. 51.10). പരിശുദ്ധാത്മാവിന്റെ തുടർമാനമായ നിറവും കവിഞ്ഞൊഴുക്കും നിങ്ങളുടെ ജീവിതത്തിലും ശുശ്രൂഷയിലും വേണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ? അങ്ങനെയെങ്കിൽ കർത്താവ് അനുഗ്രഹത്തിനുള്ള വഴി ഒരുക്കിയിട്ടുണ്ട്.

*നാം ദൈവത്തിൽനിന്നുള്ളവർ എന്ന് നാം അറിയുന്നു. സർവലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു* (1യോഹ. 5.19). ഈ ദുഷ്ടലോകത്തിൽ ദൈവത്തിനാണ് ദൈവികനായിരിക്കുവാൻ കഴിയുന്നത്! *ലോകവും അതിലുള്ളത്*

*ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗത്തിനും ഭൂമിക്കും നാഥനാകുകകൊണ്ട് കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസംചെയ്യുന്നില്ല...അവനിലല്ലോ നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്* (അപ്പൊ. 17.24,28). യേശുക്രിസ്തുവിനാണ് ക്രിസ്ത്യാനിയായിരിക്കുവാൻ കഴിയുന്നത്: *മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ* (കൊലൊ. 1.27). പരിശുദ്ധാത്മാവിനാണ് പരിശുദ്ധനായിരിക്കുവാൻ (അവനുവേണ്ടി വേർതിരിക്കപ്പെട്ടത്) കഴിയുന്നത്. *പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും...നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?* (1കൊരി. 6.19).

ദൈവം ഒരുക്കിവച്ചിരിക്കുന്നതിനായി നാം പിന്നെയും യാചിക്കാറുണ്ട്. ‘‘നന്ദി കർത്താവേ, നിന്റെ ആധികാരിക സാക്ഷിയായി ജീവിക്കുവാൻ എനിക്കു വേണ്ടുന്നതെല്ലാം നീ ഒരുക്കിയിരിക്കുന്നുവല്ലോ’’ എന്നു പറയുവാനുള്ള വിശ്വാസം ഇല്ല. അനുഗൃഹീത ത്രിയേകനേ, *പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ,* മഹത്വത്തിൻ ത്രിയേക ഐക്യമേ!

> *നീ സ്നേഹിക്കുന്നതെന്തോ അതു ഞാൻ സ്നേഹിക്കുവാനും/ നീ ചെയ്യുന്നതെന്തോ അതു ഞാൻ ചെയ്യുവാനും/ ദൈവത്തിൻ കാറ്റേ, എന്മേലൂതുക/ പുതുജീവനാൽ നിറയ്ക്കുക.*
>
> *എന്നിലെ ലോകഭാവം മാറുവോളം/ എന്നിൽ നിൻ ദിവ്യാഗ്നി വിളങ്ങുവോളം/ സമ്പൂർണമായി ഞാൻ നിന്റേതാകുവോളം/ ദൈവത്തിൻ കാറ്റേ, എന്മേലൂതുക.*
>
> *ദൈവത്തിൻ കാറ്റേ, എന്മേലൂതുക/ എന്നാൽ ഞാനൊരിക്കലും മരിക്കില്ല/ അങ്ങനെ നിൻനിത്യമാം പരിപൂർണജീവനിൽ ഞാനലിയട്ടെ.*
>
> —എഡ്വിൻ ഹാച്ച്

# മഹത്വവും ബലവും

## അധ്യായം 3
## "കുഞ്ഞാട് യോഗ്യൻ"

എന്റെ ശുശ്രൂഷയിലെ അവസാനത്തെ എഴുത്തായിരിക്കാം ഇത്. എന്നാൽ നിത്യമായ വെളിച്ചവും പരിശുദ്ധനുമായ എന്റെ ദൈവത്തിന്റെ സന്നിധിയിലേക്കു ഞാൻ വിളിച്ചു ചേർക്കപ്പെടും മുമ്പ് എന്റെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിനെ ഒരിക്കൽകൂടെ ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇതു ചെയ്യുവാൻ ഏറ്റവും നല്ല മാർഗം അപ്പൊസ്തലനായ യോഹന്നാന്റെ വാക്കുകൾ ഉദ്ധരിക്കുകയല്ലാതെ മറ്റൊന്നുമില്ല: *കർത്താവേ, നീ...മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊള്ളുവാൻ യോഗ്യൻ.* വീണ്ടും പറയുന്നു, *അറുക്കപ്പെട്ട കുഞ്ഞാട്...യോഗ്യൻ* (വെളി. 4.11; 5.12). ഇപ്പോഴത്തെ പ്രവർത്തനരംഗം ഞാൻ വിടുമ്പോൾ അതായിരിക്കണം എന്റെ സാക്ഷ്യമെന്ന് ഞാനാഗ്രഹിക്കുന്നു.

എന്നാൽ എന്റെ സാക്ഷ്യമോ: കർത്താവിന്റെ യോഗ്യതയ്ക്കു തികച്ചും എതിരാണ്, യാക്കോബിന്റെ വാക്കുകളുമായി ഞാൻ താദാത്മ്യപ്പെടുകയാണ്: *അടിയനോട്*

*കാണിച്ചിരിക്കുന്ന സകല ദയയ്ക്കും സകല വിശ്വസ്തത യ്ക്കും ഞാൻ അപാത്രമത്രേ* (ഉല്പ. 32.10). ''കുഞ്ഞാട് യോഗ്യനാണ്'' എന്നാൽ തീർച്ചയായും ''ഞാൻ അയോ ഗ്യനാണ്''! ചാൾസ് വെസ്ലിയുടെ പ്രസിദ്ധമായ പഴയ ഗാനം പറയുന്നു: ''*കുഞ്ഞാടിനെ കാണ്മിൻ!* എന്നു വിളി ച്ചുപറയുന്നതാണ് ഇങ്ങു താഴെ എന്റെ ഒരേയൊരു ജോലി; എന്റെ അന്ത്യശ്വാസസമയത്തും അവന്റെ പേരു പറയു വാൻ, *കാണ്മീൻ, കുഞ്ഞാടിനെ കാണ്മീൻ* എന്ന് എല്ലാവ രോടും പ്രസംഗിക്കുവാൻ, മരണവേളയിലും ഉച്ചരിക്കു വാൻ കഴിഞ്ഞാൽ എനിക്കു സന്തോഷമായി!''

ആദ്യമായി കർത്താവായ യേശുക്രിസ്തുവിനെ ''ദൈവത്തിന്റെ കുഞ്ഞാട്'' എന്ന് പരസ്യമായി പരിച യപ്പെടുത്തിയത് യോഹന്നാൻ സ്നാപകനാണ്: *ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്* (യോഹ. 1.29). യോഹന്നാന്റെ സുവിശേഷത്തിന്റെ ഗ്രന്ഥ കാരൻ കർത്താവായ യേശുവിനെക്കുറിച്ച് സാക്ഷിക്കു മ്പോൾ അത്ഭുതകരമായ ഈ സത്യം വിപുലമാക്കുന്നു: *കൃപയും സത്യവും നിറഞ്ഞവനായി...(ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്ന് ഏകജാതന്റെ തേജസ്സായി കണ്ടു)* (യോഹ. 1.14). അതേ! കർത്താവായ യേശുവിനെ നമുക്ക് പരിചയപ്പെടുത്തിത്തരുമ്പോൾ മനസ്സിലാക്കുക, ദൈവ ത്തിന്റെ കുഞ്ഞാടും ദൈവത്തിന്റെ നിത്യമായ തേജസ്സും പരസ്പരം ഉറപ്പായി ബന്ധപ്പെട്ടിരിക്കുന്നു.

വെളിപ്പാട് തുടങ്ങുന്നത് ഇങ്ങനെയാണ്: *യേശുക്രിസ്തു വിന്റെ വെളിപ്പാട്* (വെളി. 1.1). ക്രിസ്തു-വിരുദ്ധമായ ഈ ലോകത്തിന്മേൽ ഉണ്ടാകാൻപോകുന്ന ന്യായവിധിയുടെ കറുത്തമേഘങ്ങളാണ് വെളിപ്പാടുപുസ്തകം പ്രവചി ക്കുന്നതെങ്കിലും, അതിന്റെ ഉപസംഹാരം നിത്യമായ

വിജയത്തിലാണ്. ഹല്ലേലൂയ്യാ! എന്നിരുന്നാലും, കർത്താവായ യേശുക്രിസ്തുവിനെ *ദൈവത്തിന്റെ കുഞ്ഞാട്* എന്ന് ചിത്രീകരിച്ചിരിക്കുന്നതിലേക്കു നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കാം.

കർത്താവായ യേശുവിനെക്കുറിച്ച് വളരെ കൃത്യമായ ഒരു പ്രവചനം യെശയ്യാപ്രവാചകൻ തന്നിട്ടുണ്ട്: *കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപോലെ* (യെശ. 53.7). *യേശുക്രിസ്തുവിന്റെ വെളിപ്പാടിൽ* അപ്പൊസ്തലനായ യോഹന്നാൻ രേഖപ്പെടുത്തുന്നു: *മൂപ്പന്മാരുടെ മധ്യത്തിലും ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നില്ക്കുന്നതു കണ്ടു* (വെളി. 5.6). സിംഹാസനത്തിന്റെ മുമ്പാകെ വീണ്, *സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും ഉണ്ടാകട്ടെ* (വെളി. 5.13) എന്നു പറയുവാൻ കഷ്ടമനുഭവിക്കുന്ന ദൈവകുഞ്ഞാട് നമ്മെ നിർബന്ധിക്കും എന്നതിന്റെ വ്യക്തമായ ഓർമപ്പെടുത്തലല്ലേ ഇത്.

''എന്റേതല്ലാത്ത സുന്ദരമായ വസ്ത്രമണിഞ്ഞ് സിംഹാസന മുമ്പിൽ ഞാൻ വീഴുമ്പോൾ; നീ ആയിരിക്കും പോലെ നിന്നെ ഞാൻ കാണുമ്പോൾ, പാപംചെയ്യാത്ത ഹൃദയത്താൽ നിന്നെ സ്നേഹിക്കുമ്പോൾ: അപ്പോഴാണു കർത്താവേ, ഞാൻ പൂർണമായി അറിയുന്നത്, അതുവരെ അറിയില്ല, ഞാനെത്ര കടപ്പെട്ടവനാണെന്ന്'' റോബർട്ട് മുറെ മക്ചെയ്ൻ.

അറുക്കപ്പെട്ട കുഞ്ഞാടിന്റെ ഞെട്ടിക്കുന്ന കാഴ്ച ഇരുപത്തി നാലു മൂപ്പന്മാരെ വീണു നമസ്കരിക്കുവാൻ നിർബന്ധിതരാക്കി. അവർ, *സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ വീണ് എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ നമസ്കരിച്ചു:...ആകയാൽ മഹത്വവും ബഹുമാനവും ശക്തി*

*യും കൈക്കൊള്ളുവാൻ യോഗ്യൻ എന്നു പറഞ്ഞുകൊണ്ട്* ***തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിൻ മുമ്പിൽ ഇടും*** (വെളി. 4.10,11).

നിര്യാതനായ ഡോ. അലൻ റെഡ്പാത്ത് പറഞ്ഞു, "'എന്റെ രാജ്യം പോകട്ടെ' എന്ന് ആദ്യമെ പ്രാർഥിക്കാതെ 'നിന്റെ രാജ്യം വരണമേ' എന്ന് വാസ്തവമായും എനിക്കു പ്രാർഥിക്കുവാൻ കഴിയുകയില്ല!'' വിശ്വാസികളെന്ന നിലയ്ക്ക്, സ്വർഗത്തിലായാലും ഭൂമിയിലായാലും, നമുക്ക് ഒരേയൊരു രാജാവായ കർത്താവായ യേശുവിന്റെ മുമ്പാകെ കിരീടങ്ങൾ ഇടാം. നിന്റെയും എന്റെയും ജീവിതത്തിന്റെ യഥാർഥ നിയന്ത്രണം അവന്റെ കൈയിലാണ്.

*നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിനു നമ്മെ* [രാജ്യവും പുരോഹിതന്മാരും] *ആക്കിത്തീർത്തവനുമായവന്* (വെളി. 1.6). അഹരോനെയും പുത്രന്മാരെ എല്ലാവരെയും തൈലത്താൽ അഭിഷേകം ചെയ്തപ്പോൾ മുതലാണ് പൗരോഹിത്യം തുടങ്ങിയത്. തൈലം പരിശുദ്ധാത്മാവിന്റെ നിഴലാണ്. എന്നിരുന്നാലും, അഹരോനെ അഭിഷേകം ചെയ്തതും അവന്റെ പുത്രന്മാരെ അഭിഷേകം ചെയ്തതും തമ്മിൽ കാതലായ വ്യത്യാസമുണ്ട്.

അഹരോൻ (നമ്മുടെ ശ്രേഷ്ഠ മഹാപുരോഹിതനായ കർത്താവായ യേശുവിന് നിഴൽ) അഭിഷേകം ചെയ്യപ്പെടും **മുമ്പ്** രക്തം തളിക്കേണ്ട ആവശ്യം ഇല്ലായിരുന്നു. അതേപോലെ, കർത്താവായ യേശുവിനും പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടും മുമ്പ് ശുദ്ധീകരണത്തിന്റെ ആവശ്യം ഇല്ലായിരുന്നു: *നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാട്* (1പത്രൊ. 1.19). ഒരു ശബ്ദം മറുരൂപമലയിലെ *മേഘത്തിൽനിന്നു* സംസാരിച്ചു: *ഇവൻ*

*എന്റെ പ്രിയ പുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു; ഇവന്നു ചെവികൊടുപ്പിൻ* (മത്താ. 17.5).

നസറേത്തിലെ പള്ളിയിൽവച്ച് യെശയ്യാപ്രവചനം വായിക്കുമ്പോൾ കർത്താവായ യേശു പറഞ്ഞു, *ദരിദ്രന്മാരോടു സുവിശേഷം അറിയിക്കുവാൻ കർത്താവ് എന്നെ അഭിഷേകം ചെയ്യുകയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിക്കുവാനും പീഡിതന്മാരെ വിടുവിച്ചയ്ക്കുവാനും...എന്നെ അയച്ചിരിക്കുന്നു* (ലൂക്കൊ. 4.18). പരിശുദ്ധാത്മാവിന്റെ അഭിഷേക ശക്തിയാലാണ് കർത്താവായ യേശുവിന് പുരുഷാരത്തിന്റെ മധ്യത്തിൽ ക്ഷമയുടെയും വിടുതലിന്റെയും വലിയ ശുശ്രൂഷ നിർവഹിക്കുവാനായത്.

അഹരോന്റെ പുത്രന്മാരെ (വീണ്ടും ജനിക്കപ്പെട്ട വിശ്വാസികളുടെ ഒരു നിഴൽ) യാഗരക്തം ചൊരിഞ്ഞു ‘കഴിയും’ വരെ അഭിഷേകം ചെയ്തിരുന്നില്ല. ദൈവകുഞ്ഞാടായ കർത്താവായ യേശു തന്റെ വിലയേറിയ രക്തം ചൊരിഞ്ഞതിനുശേഷമാണ് നീയും ഞാനും ജീവിക്കുന്നത്. ഒരു വിശ്വാസിക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിക്കുന്നത് വിശ്വസ്തതയ്ക്കുള്ള കർത്താവിന്റെ പ്രതിഫലമായിട്ടല്ല, എന്റെ ആവശ്യത്തിനായുള്ള അവന്റെ ദാനമായിട്ടാണ്!

കർത്താവായ യേശുവിന്റെ ക്രൂശീകരണത്തിനും ഉയിർപ്പിനും സ്വർഗാരോഹണത്തിനും ശേഷമാണ് അവൻ ഇങ്ങനെ വാഗ്ദത്തം ചെയ്തത്: *എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും...* (അപ്പൊ. 1.8).

കർത്താവായ യേശുവിനെക്കുറിച്ച് അവനെ അറിയാത്തവരുടെ അടുത്ത് സമർഥമായും തുടർച്ചയായും സാക്ഷ്യം പറയുവാൻ നമ്മുടെ നിശബ്ദനാവുകളെ പ്രാപ്തമാക്കുന്നത് പരിശുദ്ധാത്മാവിന്റെ ശക്തിയാണ്. മാനസാന്തരപ്പെടാത്ത ഒരുവനോടു രക്ഷകനെക്കുറിച്ച് എപ്പോഴാണ് താങ്കൾ അവസാനമായി സാക്ഷ്യം പറഞ്ഞത്? പ്രവചനങ്ങളെക്കുറിച്ചുള്ള താങ്കളുടെ അറിവോ താങ്കളുടെ പാസ്റ്ററെക്കുറിച്ചോ സഭയെക്കുറിച്ചോ പറഞ്ഞോ എന്നല്ല, താങ്കളുടെ രക്ഷകനും കർത്താവുമായവനെക്കുറിച്ചു പറഞ്ഞുവോ? പ്രത്യേക വരമുള്ള തിരഞ്ഞെടുക്കപ്പെട്ട കുറച്ചു പേർക്കുവേണ്ടി കൊടുത്തിരിക്കുന്ന ശുശ്രൂഷയല്ല അത്, എന്നാൽ വീണ്ടും ജനിച്ച എല്ലാ വിശ്വാസികളും ചെയ്യേണ്ടുന്ന ശുശ്രൂഷയാണത്.

വേദപുസ്തകം പഠിപ്പിക്കുന്നവരിലും സാധാരണ വിശ്വാസികളിലും ഉള്ള പരിശുദ്ധാത്മാവിനെക്കുറിച്ച് ഇന്ന് ഏറെ പറയുന്നുണ്ടെങ്കിലും, രക്തത്തിന്റെ ശക്തിയെക്കുറിച്ചുള്ള ധാരണ ഒട്ടുമേയില്ലാ. പാപം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുകയും രക്തം തളിക്കുകയും ചെയ്യുന്നതുവരെ പരിശുദ്ധാത്മാവിന്റെ തീയ് കെട്ടും നാവ് നിശബ്ദവും ആയിരിക്കും. ദൈവത്തിനു സ്തോത്രം! അതേ, അവൻ *നമ്മെ ദൈവത്തിനു* [രാജ്യവും പുരോഹിതന്മാരും] *ആക്കിത്തീർത്തു* (വെളി. 1.6).

നിത്യമായ അനുഗ്രഹത്തിന്റെ തേജസ്കരമായ ഒരു സ്വരം നാം ഇങ്ങനെ വായിക്കുന്നു, *വരുക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചുതരാം* (വെളി. 21.9). ഹോശേയാവിന്റെ ഭാര്യ ഗോമെർ അവിശ്വസ്തയായിരുന്നു. അവൾക്ക് അഭയവും ആഹാരവും കൊടുക്കുവാനായി

ഹോശേയ അടിമച്ചന്തയിൽ പോയി അവളെ വിലയ്ക്കു വാങ്ങി അടിമത്തത്തിൽനിന്ന് തിരികെ കൊണ്ടുവന്നു.

ഇതു തന്നെയാണ് കർത്താവായ യേശു പാപത്തിന്റെ അടിമച്ചന്തയിൽ വന്ന് എനിക്കും നിങ്ങൾക്കുംവേണ്ടി ചെയ്തത്: *വ്യർഥവും പിതൃപാരമ്പര്യവുമുള്ള നിങ്ങളുടെ നടപ്പിൽനിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ* (1പത്രൊ. 1.18.19).

ഉപസംഹാരമായിട്ട് *യേശുക്രിസ്തുവിന്റെ വെളിപ്പാട്* എന്ന് യോഹന്നാൻ എഴുതി, *അനന്തരം സ്വർഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവന് വിശ്വസ്തനും സത്യവാനും എന്നു പേര്...അവന്റെ ...തലയിൽ അനേകം രാജമുടികൾ... അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേര് പറയുന്നു...**രാജാധിരാജാവും കർത്താധികർത്താവും** എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു* (വെളി. 19.11-13,16).

നീയാണു നിത്യമാം വചനം,
പിതാവിന്നേകജാതൻ;
കണ്ണിലും കാതിലും വെളിപ്പെട്ട ദൈവം,
സ്വർഗത്തിന്നോമനപ്പുത്രൻ:
എല്ലാ മുഴങ്കാലും തിരുമുമ്പിൽ മടങ്ങുന്ന,
ദൈവകുഞ്ഞാടേ, നീ യോഗ്യൻ.

— യോശീയാ കോണ്ടെർ



# അധ്യായം 4
# "ധൈര്യമായിരിക്ക"

യോർദാൻനദി കടന്ന് കനാൻനാട് പിടിച്ചെടുക്കുവാനായി കർത്താവ് യോശുവയെ അധികാരപ്പെടുത്തി. വിഗ്രഹാരാധനയാലും അനേകം ലൈംഗിക രോഗങ്ങളാലും ബാധിതരായിരുന്ന കനാന്യരുടെ മേലുള്ള ദൈവത്തിന്റെ ന്യായവിധിയായിരുന്നു അത്. ആരാധനയുടെ ഭാഗമായി മൃഗീയമായി യാഗം ചെയ്യപ്പെട്ട കുഞ്ഞുങ്ങളെ തീയിൽ പഴുത്തു ചുവന്ന ബാൽവിഗ്രഹങ്ങളുടെ കൈയിലേക്കു വെച്ചുകൊടുക്കുന്നത് അവിടെ പതിവായിരുന്നു. നീതിമാനായ ദൈവത്താൽ അത്തരം ദുഷ്ടതകൾ ന്യായംവിധിക്കപ്പെടേണം.

അതുപോലെ നീതിമാനായ ദൈവത്താൽ നമ്മുടെ പാപങ്ങളും ന്യായംവിധിക്കപ്പെടേണ്ടതാണ്. ദൈവത്തിന്റെ പ്രിയ പുത്രനായ കർത്താവായ യേശു ക്രൂശിന്മേൽ മരിച്ചപ്പോൾ നമ്മുടെ പാപത്തിനുള്ള ദൈവിക ന്യായവിധി അവന്റെ മേൽ പകരപ്പെട്ടു. അവന്റെ മരണം നമ്മോടുള്ള മഹാ സ്നേഹത്തിന്റെ പ്രവൃത്തിയെന്നു കരുതി നാം സന്തോഷിക്കുന്നുവെങ്കിലും, അത് അവന്റെ

നീതിയിലധിഷ്ഠിതമായ ന്യായവിധികൂടി ആയിരുന്നു. അവന്റെ മരണം എല്ലാവർക്കും മതിയായതാണ്, എന്നാൽ മാനസാന്തരപ്പെട്ട് വ്യക്തിപരമായി അവനെ സ്വീകരിച്ച് ഉയരത്തിൽനിന്ന് ജനിച്ചവർക്കു മാത്രമേ അതു ഫലം ചെയ്യുകയുള്ളൂ.

ദൈവം എന്ന നിലയിൽ കർത്താവായ യേശുവിനു മരിക്കാൻ സാധ്യമല്ല. മനുഷ്യൻ എന്ന നിലയിൽ: *പാപം അറിയാത്തവനെ...നമുക്കുവേണ്ടി പാപം ആക്കി* (2കൊരി. 5.21). പാപത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ന്യായവിധി അവൻ സ്വമേധയാ സഹിച്ചു: *എന്റെ ജീവനെ...ആരും... എന്നോട് എടുത്തുകളയുന്നില്ല...അതിനെ കൊടുക്കുവാൻ എനിക്ക് അധികാരം ഉണ്ട്; വീണ്ടും പ്രാപിക്കുവാനും അധികാരം ഉണ്ട്* (യോഹ. 10.17,18).

തന്റെ ഉയിർപ്പിനും സ്വർഗാരോഹണത്തിനും ശേഷം, പൂർണമനുഷ്യനായ യേശുക്രിസ്തു വീണ്ടുംജനിച്ച വിശ്വാസികൾക്കുവേണ്ടി ''മുമ്പുകൂട്ടി'' (എബ്രാ. 6.20) സ്വർഗത്തിൽ പ്രവേശിച്ചു. പാപികൾ മാനസാന്തരപ്പെട്ട് അവരുടെ പാപങ്ങൾ കർത്താവായ യേശുവിനോട് ഏറ്റുപറയുമ്പോൾ, അവർ നിഷ്കളങ്കമായ ജീവദായക രക്തത്താൽ ശുദ്ധമാക്കപ്പെട്ട് അവന്റെ ആത്മാവിനാൽ വീണ്ടുംജനിക്കുന്നു.

മോശയും യിസ്രായേൽമക്കളും തങ്ങളെ തടവിലാക്കിയവരിൽനിന്ന് മോചിക്കപ്പെട്ട് ചെങ്കടൽ കടന്നു. *അവർ മിസ്രയീമിൽനിന്നു **പുറപ്പെട്ടു** കനാൻദേശത്ത്...**എത്തി*** (ഉല്പ. 45.25). ''പുറപ്പെട്ട് എത്തുക'' എന്നുള്ളതാണ് വിജയകരമായ ക്രിസ്തീയ ജീവിതത്തിന്റെ രഹസ്യം.

മിസ്രയീമിലെ ഫറവോന്റെ പ്രതികാരമനോഭാവത്തോടുകൂടെയുള്ള അടിമത്തത്തിൽനിന്ന് വിടുവിച്ചശേഷം

ദൈവം തന്റെ മക്കളെ സൂര്യന്റെ കൊടുംചൂടിൽ ഉഴലുവാൻ മരുഭൂമിയിൽ വിട്ടുകളഞ്ഞില്ല.

യിസ്രായേൽമക്കളുമായി യോശുവ യോർദാൻനദിയുടെ കരയിൽ നിന്നപ്പോൾ മാനുഷികമായി അസാധ്യമായ ഒരു സാഹചര്യത്തെയാണു നേരിട്ടത്. അവർ മരുഭൂമിയിൽ കിടന്ന് അലഞ്ഞുഴഞ്ഞ് നശിക്കേണ്ടതിനു വിട്ടുകളയുവാൻ ആയിരുന്നില്ല ദൈവത്തിന്റെ ഉദ്ദേശ്യം. എന്നാൽ അവന്റെ ഉദ്ദേശ്യം പാലും തേനും ഒഴുകുന്ന ദേശത്തേക്ക് അവരെ കൊണ്ടുവരണമെന്ന് ഉള്ളതായിരുന്നു!

അതുപോലെ, സ്വന്തമായ അധ്വാനത്തിന്റെ ശൂന്യതയിൽ ഒരു ദൈവ പൈതലിനെ വിട്ടുകളയണമെന്നുള്ളതല്ല അവന്റെ താൽപ്പര്യം. *നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ച് തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വയ്ക്കുകയും ചെയ്ത പിതാവിനു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകണം* (കൊലൊ. 1.13).

കർത്താവായ യേശു വിശ്വാസികൾക്ക് സമൃദ്ധമായ ജീവൻ വാഗ്ദാനം ചെയ്യുന്നു: *അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായി ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്* (യോഹ. 10.10).

യോർദാൻനദി കുറുകെ കടക്കുകയും ദേശം കീഴടക്കുകയും ചെയ്യുക എന്ന അസാധ്യമായ ചുമതലയെ അഭിമുഖീകരിച്ച യോശുവയോടു ദൈവം പറഞ്ഞു, *ഉറപ്പും ധൈര്യവും ഉള്ളവനായിരിക്കുക,* വാഗ്ദത്തവും കൊടുത്തു: *ഞാൻ നിന്നോടുകൂടെ ഇരിക്കും.*

**ഉറപ്പും ധൈര്യവും ഉള്ളവനായിരിക്കുക:** മൂന്നു തവണ ദൈവം യോശുവയോടു പറഞ്ഞു: *ഉറപ്പും ധൈര്യവും*

*ഉള്ളവനായിരിക്കുക* (യോശു. 1.6,7,9). ഒരവസരത്തിൽ ഇങ്ങനെ വാഗ്ദത്തംചെയ്തു: *നിന്റെ ദൈവമായ യഹോവ നീ പോകുന്നിടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ട് ഉറപ്പും ധൈര്യവും ഉള്ളവനായിരിക്കുക;* ***ഭയപ്പെടരുത്****, ഭ്രമിക്കുകയും അരുത് എന്ന് ഞാൻ നിന്നോടു കല്പിച്ചുവല്ലോ* (വാ.9).

സൗകര്യങ്ങൾ ഇഷ്ടപ്പെടുന്ന ഇന്നത്തെ സഭകളിലെ പ്രസംഗപീഠത്തലും സഭാംഗങ്ങളുടെ ഇടയിലും യഥാർഥ ധൈര്യം വളരെ കുറച്ചേയുള്ളൂ. ഒഴുക്കിനെതിരെ നീന്തുന്നതും സമകാലികമായ ലൗകിക പ്രവണതകളെ എതിർക്കുന്നതും എളുപ്പമല്ല. സ്പർജൻ തന്റെ വിദ്യാർഥികൾക്കു മുന്നറിയിപ്പ് കൊടുത്തു: ''പ്രസംഗപീഠം ഭീരുവിന്റെ കൊട്ടാരമാകാൻ സാധ്യതയുണ്ട്.'' ഒരു സഭാശുശ്രൂഷകൻ തന്റെ സഭയിലെ 'നേതാവ് മൂപ്പനെ', 'ക്ഷിപ്രവികാര സഹോദരിയെ', 'സുഖിമാൻ മാന്യനെ', 'ധനവാൻ സഹോദരനെ' ഒക്കെ പ്രസാദിപ്പിക്കുവാൻ നോക്കുമ്പോഴാണ് അതു സംഭവിക്കുന്നത്. ഇവരുടെയെല്ലാം സഹകരണം സഭയ്ക്കു വേണമല്ലോ എന്ന് പാസ്റ്റർക്കു ന്യായമായി ചിന്തിക്കാവുന്നതാണ്.

അപ്രകാരം സഭയിലെ ഒരു സാധാരണ വിശ്വാസിക്ക് സമാനമനസ്കരായ വിശ്വാസികളുടെ സാമൂഹ്യ അന്തരീക്ഷത്തിൽ കഴിയുന്നതാണ് എളുപ്പം. എന്നാണ് താങ്കൾ ഒരു സഭയിൽ ഹൃദയംഗമമായി ഇതുപോലെയൊരു പാട്ടു പാടുന്നത് അവസാനമായി കേട്ടത്? ''ക്രിസ്തുവിൻ സേനവീരരേ, ഉയർത്തീടുവിൻ കൊടിയെ, ധീരമായ് പോരാടിടാം കർത്തൻവേലചെയ്തീടാം ജയഗീതം പാടി ഘോഷിക്കാം.''

ഇതുപോലെയൊരു ഉറപ്പും സമർപ്പണവും ഉണ്ടെങ്കിൽ

വിശ്വാസികൾ ദൈവ സ്നേഹത്തിന്റെ കവിഞ്ഞൊഴുക്കോടുകൂടെ, ക്രിസ്തു ഉള്ളിൽ വസിക്കുന്നു എന്ന യാഥാർഥ്യ ബോധത്തോടുകൂടെ ക്രിസ്തുവിനെ വിരോധിക്കുന്ന ലോകത്തിലേക്ക് ഇറങ്ങിച്ചെല്ലും. ഇപ്രകാരം പാപത്തിനും സാത്താനും എതിരായി നിൽക്കുവാനുള്ള ധൈര്യം ബലപ്പെടുത്തുന്ന ദൈവകൃപ നമുക്കു നല്കും.

അതേസമയം സുവിശേഷ സ്വാതന്ത്ര്യമില്ലാത്ത രാജ്യങ്ങളിൽ വസിക്കുന്ന വിശ്വാസികളെ ക്രിസ്തുവിനോടുള്ള അവരുടെ പ്രതിബദ്ധത നിമിത്തം പീഡിപ്പിക്കുകയും തടവിലാക്കുകയും ശിരച്ഛേദം ചെയ്യുകയും ചെയ്യുന്നു. കഴിഞ്ഞ പന്ത്രണ്ടു മാസങ്ങൾക്കുള്ളിൽ 90,000 ലേറെ വിശ്വാസികൾ ക്രിസ്തുവിനായി രക്തസാക്ഷികളായി എന്ന് വിശ്വസനീയമായ കണക്കുകൾ പറയുന്നു.

‘നേതൃത്വ കഴിവുകൾ’ വളർത്തുവാൻ നടത്തിയ സെമിനാറിൽ പങ്കെടുത്തതുകൊണ്ടല്ല യോശുവയ്ക്കു നേതൃത്വത്തിനുള്ള കഴിവുകൾ ലഭിച്ചത്. എന്നാൽ പരുക്കനായ പോരാട്ടങ്ങളുടെ യാഥാർഥ്യത്തിന്റെ മധ്യത്തിലാണ് അതു വളർന്നത്. അതുകൊണ്ട് പിന്നീട്, വാഗ്ദത്തദേശത്ത് യിസ്രായേൽമക്കൾ നിർണായകമായ ഒരു യുദ്ധത്തിന്റെ മധ്യത്തിൽ ആയിരുന്നപ്പോൾ, ഇങ്ങനെ പ്രബോധിപ്പിക്കുവാൻ യോശുവ യോഗ്യനായിരുന്നു: *യോശുവ അവരോട്: ഭയപ്പെടരുത്, ശങ്കിക്കരുത്; ഉറപ്പും ധൈര്യവും ഉള്ളവരായിരിക്കുവിൻ* (യോശു. 10.25). തീർച്ചയായും ഇതാണ് അപ്പൊസ്തലനായ പൗലോസ് എഴുതിയപ്പോൾ ഉദ്ദേശിച്ചത്: *ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ* (1കൊരി. 11.1).

മുന്നേറിക്കൊണ്ടിരുന്ന നാസിപ്പടയുടെ മുന്നിൽനിന്ന്

ബ്രിട്ടീഷ് സൈന്യത്തിന്റെ പടയാളികളെ പിൻവലിച്ചു. എത്രയും പെട്ടെന്നു തങ്ങളെ രക്ഷപ്പെടുത്തുമെന്ന പ്രതീക്ഷയിൽ മനം തളർന്ന ആയിരക്കണക്കിനു പടയാളികൾ ഡൺകിർക്കിലെ മണൽത്തീരത്ത് കാത്തുനിന്നു. ഈ നിർണായക സമയത്ത് പ്രധാനമന്ത്രി വിൻസ്റ്റൻ ചർച്ചിൽ ദേശത്ത് പ്രാർഥനാ ദിനം പ്രഖ്യാപിച്ചു. അതിനു മുമ്പോ അതിനു ശേഷമോ ഉണ്ടായിട്ടില്ലാത്തതുപോലെ യുണൈറ്റഡ് കിങ്ഡത്തിലെ (യു.കെ) സഭകളിലെല്ലാം ആളുകൾ കൂടിവന്ന് നിറഞ്ഞുകവിഞ്ഞു.

ദൈവം നല്ലവനായിരുന്നു, കടൽയാത്രയ്ക്കു യോഗ്യമല്ലാതിരുന്ന ആയിരക്കണക്കിനു കപ്പലുകളും ബോട്ടുകളും മത്സ്യബന്ധന ബോട്ടുകളും ചെന്ന് ആ പടയാളികളെ കയറ്റി അസാമാന്യമായി ശാന്തമായിത്തീർന്ന ഇംഗ്ലിഷ് ചാനലിലൂടെ സുരക്ഷിതമായി അവരെ ഇംഗ്ലണ്ടിന്റെ തീരത്ത് എത്തിച്ചു. പ്രധാനമന്ത്രി വിൻസ്റ്റൻ ചർച്ചിലിന്റെ രാജ്യത്തോടുള്ള ആവേശമുണർത്തുന്ന പ്രഭാഷണം ഡൊറോത്തിയും ഞാനും കേട്ടു: ''പരാജയം വിനാശകരമല്ല; വിജയം ഒരിക്കലും അവസാനമല്ല; **ധീരതയാണ് അതിപ്രധാനം**.'' അതേ, *ഭയപ്പെടരുത്, ഉറപ്പും ധൈര്യവും ഉള്ളവരായിരിക്കുവിൻ!*

''വിശ്വാസത്താൽ മുന്നോട്ട്'' എന്ന വിഷയം തുടർന്നുള്ള അധ്യായങ്ങളിൽ നമുക്ക് കൂടുതൽ വിശദമായി ചിന്തിക്കാം. നമ്മുടെ ഇരുണ്ട ദിനങ്ങളിലും നമ്മോടൊപ്പം ഇരിക്കുന്ന കർത്താവായ യേശുവിന്റെ സാന്നിധ്യത്തെയും ശക്തിയെയും കുറിച്ച് നാം തുടർന്നു പഠിക്കുന്നതിന്റെ അനുഗ്രഹം പ്രാപിക്കാം.



# അധ്യായം 5

# "എന്റെ സാന്നിധ്യം നിന്നോടു കൂടെ പോരും"

ആൾക്കൂട്ടത്തിന്റെ മധ്യത്തിലായിരുന്നിട്ടും താങ്കൾ എപ്പോഴെങ്കിലും ഏകനാണെന്നു തോന്നിയിട്ടുണ്ടോ? കർത്താവായ യേശുവിനും താൻ ഏകനാണെന്നു തോന്നിയിട്ടുണ്ട്. ക്രൂശിന്റെ നിഴലിൽ അവൻ പറഞ്ഞു: *നിങ്ങൾ ഓരോരുത്തൻ താന്താന്റെ സ്വന്തത്തിലേക്കു ചിതറിപ്പോകുകയും, എന്നെ ഏകനായി വിടുകയുംചെയ്യുന്ന നാഴിക വരുന്നു; വന്നുമിരിക്കുന്നു;* ***പിതാവ് എന്നോടുകൂടെ ഉള്ളതുകൊണ്ട് ഞാൻ ഏകനല്ല താനും*** (യോഹ. 16.32).

ഏകനാണ്, എന്നാൽ ഏകനല്ലതാനും. യഥാർഥശിഷ്യന്മാരെ സംബന്ധിച്ചും അതു ശരിയാണ്, അവർ പറയുന്നു: "ലോകമെന്നെ പകെച്ചു തള്ളിക്കളയട്ടെ, അവരെന്റെ രക്ഷകനെയും തള്ളിക്കളഞ്ഞതല്ലയോ. ശത്രുക്കൾ വെറുക്കും സുഹൃത്തുക്കൾ മറക്കും... എന്നാൽ നിൻ സുസ്മിതം എന്മേലുണ്ട്, നിൻ മുഖ പ്രകാശം എല്ലാം മാറ്റും" —ഹെൻട്രി ലൈറ്റ്. കർത്താവായ യേശുക്രിസ്തുവിനെ

'കുറിച്ച്' അറിയുന്നതും, അവനെ വ്യക്തിപരമായി, വളരെ അടുത്ത് അറിയുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

ഗിരിപ്രഭാഷണത്തിൽ കർത്താവായ യേശു പറഞ്ഞു, *നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു* (മത്താ. 5.13), ''നിങ്ങൾ ലോകത്തിന്റെ തേൻ ആകുന്നു'' എന്നല്ല. കുട്ടി യായിരുന്നപ്പോൾ, നിങ്ങളുടെ മുട്ടിന്മേലുണ്ടായ മുറിവ് വൃത്തിയാക്കുവാൻ നിങ്ങളുടെ അമ്മ ഉപ്പ് ഉപയോഗിച്ചിട്ടുണ്ടോ? അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ ഉപ്പ് കുത്തുന്നതുപോലെ വേദന ഉളവാക്കുമെന്ന് ഓർക്കുന്നുണ്ടാകും. വീണ്ടും ജനിച്ച ക്രിസ്ത്യാനികളായ നാം അവിശ്വാസികളുടെ മധ്യത്തിൽ ആയിരിക്കുമ്പോൾ, ആരെയും വെറുപ്പിക്കാതെ സംസാരിക്കുവാനുള്ള പ്രലോഭനമാണ് നമുക്ക് ഉണ്ടാകുന്നത്. എന്നാൽ നമ്മുടെ കുരിശ് ഉയർത്തിക്കൊണ്ട് കർത്താവായ യേശുവിനെ സാക്ഷിക്കുവാൻ തുടങ്ങുമ്പോൾ അന്തരീക്ഷം ആകെ മാറി ഉപ്പുകൊണ്ട് കുത്തുന്നതുപോലെ ആയേക്കും. പാപത്തെക്കുറിച്ചുള്ള കുറ്റബോധം എന്നാണ് ബൈബിൾ ഇതിനെ വിളിക്കുന്നത് (യോഹ. 16.8).

ഒരു മാതാവ് തന്റെ കുഞ്ഞിനു ജന്മം കൊടുക്കാറാകുമ്പോൾ അസഹനീയമായ പ്രസവവേദന അനുഭവിക്കും. പാപത്തെക്കുറിച്ച് കുറ്റബോധമില്ലാത്ത 'വേദനാ രഹിതമായ' ആത്മീയ പ്രസവമുറിയിൽ ജീവിക്കുവാൻ ഇന്നു നാം ഇഷ്ടപ്പെടുന്നത് എന്തുകൊണ്ട്?

നമ്മുടെ വിശ്വാസവും അവന്റെ സാക്ഷികളാകുന്ന അനുസരണവും ബലപ്പെടുത്തുവാൻ, യോശുവയും അവന്റെ ജനവും യോർദാൻനദി കുറുകെ കടന്നപ്പോഴുള്ള ചരിത്രപ്രധാനമായ രേഖ നമുക്കു പരിശോധിക്കാം. തന്റെ മരണത്തിനു മുമ്പ് യോശുവയുടെ മാർഗദർശിയാ

യിരുന്ന മോശ *യോശുവയെ വിളിച്ച് എല്ലാ യിസ്രായേലും കാൺകെ അവനോടു പറഞ്ഞത് എന്തെന്നാൽ: ബലവും ധൈര്യവുമുള്ളവനായിരിക്കുക; യഹോവ ഈ ജനത്തിനു കൊടുക്കുമെന്ന് അവരുടെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശത്തേക്ക് നീ അവരോടുകൂടെ ചെല്ലും; അതിനെ അവർക്കു വിഭാഗിച്ചു കൊടുക്കും. യഹോവ തന്നെ* ***നിനക്കു മുമ്പായി നടക്കുന്നു; അവൻ നിന്നോടുകൂടെ ഇരിക്കും;*** *നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല; നീ പേടിക്കരുത്, ഭ്രമിക്കുകയുമരുത്. അനന്തരം മോശ ഈ ന്യായപ്രമാണം എഴുതി* ***യഹോവയുടെ നിയമപ്പെട്ടകം*** *ചുമക്കുന്ന ലേവ്യരായ പുരോഹിതന്മാരെയും യിസ്രായേലിന്റെ എല്ലാ മൂപ്പന്മാരെയും ഏല്പിച്ചു* (ആവ. 31.7-9).

**ഒഴിച്ചുകൂടാനാവാത്ത മൂന്നു കാര്യങ്ങൾ:** ജനങ്ങളെ നയിച്ചുകൊണ്ട് യോർദാൻനദി കടന്ന് വാഗ്ദത്തദേശം അവകാശപ്പെടുത്തുവാൻവേണ്ടി യോശുവയ്ക്ക് ഒഴിച്ചുകൂടാനാവാത്ത മൂന്നു കാര്യങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം. അത് ഗ്രന്ഥകാരനും വായനക്കാരനും പ്രോത്സാഹനമായിരിക്കും.

***വാഗ്ദത്തം*** (Promise): *നിന്റെ ദൈവമായ യഹോവ നീ പോകുന്നിടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ട്...* (യോശു. 1.9).

***നടപടി*** (Procedure): *പുരോഹിതന്മാരോട് യോശുവ: നിങ്ങൾ നിയമപ്പെട്ടകം എടുത്ത് ജനത്തിനു മുമ്പായി അക്കരെ കടക്കുവിൻ* (യോശു. 3.6).

***ഉദ്ദേശ്യം*** (Purpose): *യഹോവയുടെ നിയമപ്പെട്ടകം ചുമന്ന പുരോഹിതന്മാർ യോർദാന്റെ നടുവിൽ ഉണങ്ങിയ നിലത്ത് ഉറച്ചു നിന്നു; യിസ്രായേൽജനമൊക്കെയും യോർദാൻ കട*

*ന്നുതീരുവോളം ഉണങ്ങിയ നിലത്തുകൂടിത്തന്നെ നടന്നു പോയി* (യോശു. 3.17).

**വാഗ്ദത്തം**

യോശുവയ്ക്കു കൊടുത്ത അതേ വാഗ്ദത്തമാണ് ഭൂമിയുടെ അറ്റത്തോളവും സുവിശേഷം എത്തിക്കുവാനുള്ള ദൗത്യം കർത്താവായ യേശു തന്റെ ശിഷ്യന്മാരെ ഏൽപ്പിച്ചപ്പോൾ കൊടുത്ത വാഗ്ദത്തം.

കർത്താവ് പറഞ്ഞു, *സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപ്പിച്ചത് ഒക്കെയും പ്രമാണിക്കുവാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ;* ***ഞാനോ ലോകാവസാനത്തോളവും എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്*** (മത്താ. 28.18–20).

**നടപടി**

നിയമപ്പെട്ടകം നാലു ലേവ്യ പുരോഹിതന്മാർ ചുമക്കുക എന്നത് വിശ്വാസത്തിന്റെ ഒരു പ്രവൃത്തി ആയിരുന്നു: *പുരോഹിതന്മാർ യോർദാനിലെ വെള്ളത്തിന്റെ വക്കത്ത് എത്തുമ്പോൾ ...സർവഭൂമിയുടെയും നാഥനായ യഹോവയുടെ പെട്ടകം ചുമക്കുന്ന പുരോഹിതന്മാരുടെ ഉള്ളംകാൽ യോർദാനിലെ വെള്ളത്തിൽ ചവിട്ടുമ്പോൾ ഉടനെ യോർദാനിലെ വെള്ളം രണ്ടായി പിരിഞ്ഞിട്ട് മേൽനിന്ന് ഒഴുകുന്ന വെള്ളം ചിറപോലെ നില്ക്കും* (യോശു. 3.8,13).

ചെങ്കടലിന്റെ കരയിൽ ദൈവം തന്റെ സർവശക്തി ദൃശ്യമാക്കി, അവൻ മോശെയുടെ വടിയെ ഉപയോഗിച്ചു. യോശുവയുടെ നേതൃത്വത്തെ ഉറപ്പിക്കുവാൻ ദൈവം

തന്റെ ശക്തി പ്രകടിപ്പിച്ചപ്പോൾ ഉപയോഗിച്ചത് നിയമത്തിന്റെ പെട്ടകമാണ്.

കർത്താവായ യേശുക്രിസ്തുവിനെ നിയമത്തിന്റെ പെട്ടകം എങ്ങനെ പ്രതിനിധീകരിക്കുന്നു എന്നത് നമുക്കു നോക്കാം. *ബസലേൽ പെട്ടകം ഖദിരമരംകൊണ്ട് ഉണ്ടാക്കി... അത് അകവും പുറവും പൊന്നുകൊണ്ട് പൊതിഞ്ഞു... അവൻ തങ്കംകൊണ്ടു കൃപാസനം ഉണ്ടാക്കി* (പുറ. 37.1,2,6). *കൃപാസനത്തെ പെട്ടകത്തിന്മീതെ വയ്ക്കണം; ഞാൻ തരുവാനിരിക്കുന്ന സാക്ഷ്യം പെട്ടകത്തിനകത്തു വയ്ക്കണം. അവിടെ ഞാൻ നിനക്കു പ്രത്യക്ഷനായി കൃപാസനത്തിന്മേൽനിന്നും...നിന്നോട് അരുളിച്ചെയ്യും* (പുറ. 25.21,22).

യാഗം ചെയ്യപ്പെട്ട കുഞ്ഞാടിന്റെ രക്തം കൃപാസനത്തിന്മേൽ തളിക്കുവാൻ എല്ലാ വർഷവും പാപപരിഹാര ദിവസം മഹാ പുരോഹിതൻ അതിപരിശുദ്ധ സ്ഥലത്തു പ്രവേശിക്കും. പാപത്തിനുവേണ്ടിയുള്ള ആ മറവ് ഇല്ലെങ്കിൽ മഹാപുരോഹിതൻ മരിക്കും (എന്തുകൊണ്ടെന്നാൽ പാപവും വിശുദ്ധിയും ഒരുമിച്ചു വാഴുകയില്ല).

പുരോഹിതന്റെ അങ്കിയുടെ വിളുമ്പിൽ പൊൻമണികളും മാതളപ്പഴങ്ങളും തൂക്കിയിട്ടിരിക്കും. അവൻ അതിപരിശുദ്ധ സ്ഥലത്തു പ്രവേശിക്കുമ്പോൾ ഈ മണികൾ അടിക്കും. എന്നാൽ പാപയാഗം അർപ്പിക്കുന്നതിനു മുമ്പ് പുരോഹിതൻ തന്റെ അങ്കി ഊരുന്നതിനാൽ മണിയടി ഉണ്ടാവുകയില്ല. അതിപരിശുദ്ധ സ്ഥലത്തിനു പുറത്ത് ജനങ്ങൾ ശ്രദ്ധയോടെ കാത്തു നില്ക്കും. ഇനിയും മണിയടി കേൾക്കുമോ?

കൃപാസനത്തിന്മേൽ രക്തം തളിച്ചിട്ട്, ദൈവം പാപയാഗം സ്വീകരിച്ചശേഷം പുരോഹിതൻ തന്റെ അങ്കി ധരി

ക്കും അപ്പോൾ മണികൾ വീണ്ടും അടിക്കും. അവൻ ജീവനോടിരിക്കുന്നു! അർപ്പിച്ച രക്തത്തെ ദൈവം പാപയാഗമായി സ്വീകരിച്ചിരിക്കുന്നു. അങ്ങനെ ഒരു വർഷത്തേക്ക് യിസ്രായേലിന്റെ പാപങ്ങൾ ഈ യാഗ രക്തത്താൽ മറയ്ക്കപ്പെട്ടിരിക്കുന്നു.

കർത്താവായ യേശു തന്റെ വിലയേറിയ രക്തം ചൊരിഞ്ഞ് ക്രൂശിന്മേൽ മരിച്ചു. അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിട്ട് സ്വർഗത്തിലെ അതിപരിശുദ്ധ സ്ഥലത്തേക്ക് കയറിപ്പോയി. അവൻ തന്റെ സ്വന്തരക്തം അവിടെ കൃപാസനത്തിന്മേൽ അർപ്പിച്ചു. സ്വർഗത്തിൽ ഒരു കൃപാസനമുണ്ടോ എന്ന് നാം എങ്ങനെ അറിയും?

ഭൂമിയിലെ സമാഗമനകൂടാരം സ്വർഗത്തിലെ സമാഗമനകൂടാരത്തിന്റെ നിഴലാണെന്ന് നമ്മോടു പറഞ്ഞിട്ടുണ്ട്. *ആകയാൽ സ്വർഗത്തിലുള്ളവയുടെ പ്രതിബിംബങ്ങളെ ഈ വകയാൽ ശുദ്ധമാക്കുന്നത് ആവശ്യം. സ്വർഗീയമായവയ്ക്കോ ഇവയെക്കാൾ നല്ല യാഗങ്ങൾ ആവശ്യം* (എബ്രാ. 9.23).

വീണ്ടും, ഭാവികാല സംഭവങ്ങളുടെ തന്റെ ദർശനം രേഖപ്പെടുത്തിക്കൊണ്ട് അപ്പൊസ്തലനായ യോഹന്നാൻ എഴുതി: *ഇതിന്റേശേഷം സ്വർഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറന്നതു ഞാൻ കണ്ടു* (വെളി. 15.5). അതിപരിശുദ്ധ സ്ഥലം കൂടാതെ സമാഗമനകൂടാരമോ ദൈവാലയമോ ഇല്ല. **കൃപാസനം കൂടാതെ അതിപരിശുദ്ധ സ്ഥലം ഇല്ല. രക്തംകൂടാതെ കൃപാസനവും ഇല്ല.**

*ക്രിസ്തുവിന്റെ വിലയേറിയ രക്തത്തിന്റെ* (1പത്രൊ. 1.19) പരമപ്രാധാന്യം നമുക്കു മനസ്സിലാക്കുവാൻ നാം ഇത് ഓർക്കണം, കന്യകമറിയത്തോട് അവൾ ഗർഭം ധരിക്കുവാൻ പോകുന്നുവെന്ന കാര്യം ദൂതൻ അറിയിച്ചു

കൊണ്ട് പറഞ്ഞു, *പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും* (ലൂക്കൊ. 1.35).

പരിശുദ്ധാത്മാവിന്റെ നിത്യമായ ജീവൻ രക്തത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടത് ആ സമയത്തായിരുന്നു. *മാംസത്തിന്റെ ജീവൻ രക്തത്തിൽ അല്ലോ ഇരിക്കുന്നത്* (ലേവ്യ 17.11). അപ്പോൾ വിശുദ്ധപ്രജയായ യേശുവിന്റെ സിരകളിലൂടെ ഒഴുകുന്നത് ഈ രക്തമാണ്. അതേ, തീർച്ചയായും പാപത്തിനുവേണ്ടി ഒരിക്കൽ യാഗമായത് ഈ വിലയേറിയ രക്തമാണ്.

ദൈവമഹത്വത്തിന്റെ അത്യുജ്ജ്വല പ്രകാശത്തിൽ കർത്താവായ യേശുവിന്റെ രക്തം സ്വീകരിക്കപ്പെട്ടു, അപ്പോൾ സ്വർഗത്തിലെ മണികൾ മുഴങ്ങുവാൻ തുടങ്ങി! അതിനെത്തുടർന്ന് ഉടൻതന്നെ സ്വർഗത്തിലെ മണികൾ ഭൂമിയിലും മുഴങ്ങി. പരിശുദ്ധാത്മാവിന്റെ അതിശക്തമായ പകർച്ചയാൽ, *കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്ന് ഒരു മുഴക്കം ഉണ്ടായി* (അപ്പൊ. 2.2).

സ്വദേശത്തുനിന്നും വിദേശത്തുനിന്നും വന്ന് യെരുശലേമിൽ പാർത്തിരുന്ന ജനങ്ങൾ പരിശുദ്ധാത്മാവിന്റെ അതിശക്തമായ പകർച്ചയാലുണ്ടായ ഈ അത്ഭുതപ്രതിഭാസത്തിനു സാക്ഷികളായി. അവർ പരസ്പരം ചോദിച്ചു, *ഇത് എന്തായിരിക്കും* (അപ്പൊ. 2.12). ഉള്ളിൽ വസിക്കുന്ന കർത്താവിന്റെ ശക്തിയിൽ മാത്രം തങ്ങളുടെ ജീവിതരീതി വിശദീകരിക്കുവാൻ കഴിയുന്നവർക്കാണ് വിജയകരമായി ആത്മാക്കളെ നേടുവാൻ കഴിയുന്നത്.

മുന്നമേ തയ്യാറാക്കപ്പെട്ടിരുന്ന ഹൃദയങ്ങളിലേക്ക് ഒരു മാതൃകാ സുവിശേഷസന്ദേശം കൊടുത്തുകൊണ്ട്

പത്രൊാസ് അവരുടെ ചോദ്യത്തിന് ഉത്തരംകൊടുത്തു. ഇത് മറ്റൊരു ചോദ്യം ഉളവാക്കി, *ഞങ്ങൾ എന്തു ചെയ്യേണ്ടു* (അപ്പൊ. 2.37). സുഖിപ്പിക്കുന്ന ആശ്വാസവാക്കുകൾ പത്രൊാസ് പറഞ്ഞില്ല, അർഥത്തിൽ പറഞ്ഞതിതാണ്, 'തിരിയുക', 'ആശ്രയിക്കുക', 'എടുക്കുക' (Turn, Trust and Take): *നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുവിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും* (അപ്പൊ. 2.38). ഈ ദിവസം വരെയും പരിശുദ്ധാത്മാവ് തന്റെ ശുശ്രൂഷ ഭൂമിയിൽ തുടരുകയാണ്, *പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തുവാൻ* (യോഹ. 16.8).

നിര്യാതനായ ഡോ. മാർട്ടിൻ ലോയ്ഡ് ജോൺസ് കർത്താവായ യേശുവിനെക്കുറിച്ച് ഇങ്ങനെ വിശദീകരിച്ചു, പാപത്തെ എന്നെന്നേക്കും മാറ്റുവാൻ അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള 'പ്രായശ്ചിത്തം' മാത്രമല്ല, എന്നാൽ അവൻ പ്രായശ്ചിത്തക്കാരൻകൂടെയാണ്—കൃപാസനം! ഇപ്രകാരം വിശ്വസിക്കുന്ന എല്ലാവർക്കും ദൈവത്തിന്റെ ന്യായവിധിയുടെ സിംഹാസനം കൃപാസനമായി മാറി! *വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു* (റോമ. 3.25). *അതുകൊണ്ട്, കരുണ ലഭിക്കുവാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിക്കുവാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്ത് ചെല്ലുക* (എബ്രാ. 4.16).

ദൈവത്തിനു സ്തോത്രം, പാപത്തെ എന്നെന്നേക്കുമായി നീക്കുവാൻ അവനൊരു വഴിയൊരുക്കി—''കേവ

ലം ഒരു വർഷത്തേക്ക് മറച്ചുവെക്കുകയല്ല!'' അനുതപിക്കുകയും കർത്താവായ യേശുവിനെ തങ്ങളുടെ ഹൃദയത്തിലും ജീവിതത്തിലും സ്വീകരിക്കുകയും ചെയ്യുന്ന, ക്രിസ്തുവിരുദ്ധ ലോകത്തിൽ താഴ്മയോടുകൂടെ അവനെ ഏറ്റുപറയുകയും ചെയ്യുന്ന ഓരോ വ്യക്തിയും എന്നെന്നേക്കും അവനോടുകൂടെ ആയിരിക്കും. *യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ടു വിശ്വസിക്കുകയും ചെയ് താൽ നീ രക്ഷിക്കപ്പെടും. ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കുകയും; വായ്കൊണ്ടു രക്ഷയ്ക്കായി ഏറ്റുപറയുകയും ചെയ്യുന്നു. അവനിൽ വിശ്വസിക്കുന്നവൻ ഒരുത്തനും ലജ്ജിച്ചുപോകുകയില്ല എന്നു തിരുവെഴുത്തിൽ അരുളിച്ചെയ്യുന്നുവല്ലോ...കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും* (റോമ. 10.9–13).

**ദൈവത്തിന്റെ ദാനം**

നിയമപ്പെട്ടകത്തിനുള്ളിലെ ഒരു പ്രധാന വസ്തു ഇതായിരുന്നു, *മന്ന ഇട്ടുവെച്ച പൊൻപാത്രം*, അടുത്തതായി, *അഹരോന്റെ തളിർത്ത വടി*, മൂന്നാമതായി, *നിയമത്തിന്റെ കല്പലകകൾ* (ന്യായപ്രമാണം) (എബ്രാ. 9.4).

**മന്ന!** എബ്രായ വാക്കായ 'മന്ന'യുടെ അർഥം: ''ഇത് എന്താണ്?'' അതൊരു നല്ല ചോദ്യമാണ്, അതിന് ഉത്തരംകൊടുക്കാൻ നമുക്കു നോക്കാം. അങ്ങനെ ചെയ്യുന്നതിൽ നാം ''അവതരിച്ച വചനവും'' ''ദൈവശ്വാസീയമായ വചനവും'' പരിഗണിക്കും.

**അവതരിച്ച വചനം:** *ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം*

*ആയിരുന്നു...വചനം ജഡമായിത്തീർന്നു...നമ്മുടെ ഇട യിൽ പാർത്തു* (യോഹ. 11,14) എന്ന് നാം വായിക്കുന്നു. അതേ, സമയത്തിന്റെ ആരംഭത്തിനു മുന്നമേ ദൈവം ഉണ്ടായിരുന്നു. അവൻ നിത്യതയുടെ ദൈവമാണ്! ഈ ദൈവം നിത്യതയിൽനിന്ന് സമയത്തിലേക്ക് എനിക്കും നിനക്കുംവേണ്ടി വന്നു എന്നതാണ് അമ്പരപ്പിക്കുന്ന വസ് തുത. നമ്മുടെ താറുമാറായ ആത്മീയാവസ്ഥ അവന് അറിയാമായിരുന്നു, നാം *അതിക്രമങ്ങളിലും പാപങ്ങളി ലും മരിച്ചവരായിരുന്നു* (എഫെ. 2.1) എന്ന് അറിയാമായി രുന്നു.

ക്രിസ്തു ഉള്ളിൽ കടന്നുവന്ന് വസിക്കുവാൻവേണ്ടി ഹൃദയവാതിൽ നാം തുറന്നുകൊടുക്കുന്നതിന്റെ ഫലമാ യി, നിത്യനായ ദൈവവുമായി അതിപ്രധാനമായ, ജീവി ക്കുന്ന ഒരു കൂട്ടായ്മ ഉളവാകുന്നു: *ഞാൻ അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.* അവനി പ്പോഴും അപേക്ഷിക്കുകയാണ്, *ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും* (വെളി. 3.20).

**ദൈവശ്വാസീയമായ വചനം:** പതിനേഴു ദിവസങ്ങൾ കൊണ്ടു ചെയ്യാമായിരുന്ന യാത്ര യിസ്രായേൽമക്കളുടെ അവിശ്വാസവും അനുസരണക്കേടും നിമിത്തം നാല്പതു വർഷങ്ങൾ നീണ്ടു.

മരുഭൂമിയാത്രയിലെ ക്ഷീണവും അലച്ചിലും നിമിത്തം ദൈവത്തിന്റെ ജനം പിറുപിറുത്തുകൊണ്ട് കരഞ്ഞു: *ഞങ്ങൾ ഇറച്ചിക്കലങ്ങളുടെ അടുക്കലിരിക്കുകയും...*

*ചെയ്ത മിസ്രയിം ദേശത്തുവച്ച് യഹോവയുടെ കൈയാൽ മരിച്ചിരുന്നു എങ്കിൽ കൊള്ളാമായിരുന്നു...അപ്പോൾ യഹോവ മോശെയോട്: ഞാൻ നിങ്ങൾക്ക് ആകാശത്തു നിന്ന് അപ്പം വർഷിപ്പിക്കും* (പുറപ്പാട് 16.3,4). മന്ന 'നിഴൽ' ആയിരുന്നു. കർത്താവായ യേശുക്രിസ്തു 'പൊരുൾ' ആകുന്നു.

വിശന്നിരുന്ന അയ്യായിരം പേരെ പോഷിപ്പിച്ചശേഷം കർത്താവായ യേശു പറഞ്ഞു, *ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: സ്വർഗത്തിൽ നിന്നുള്ള അപ്പം മോശയല്ല നിങ്ങൾക്കു തന്നത്, എന്റെ പിതാവത്രേ, സ്വർഗത്തിൽ നിന്നുള്ള സാക്ഷാൽ അപ്പം നിങ്ങൾക്കു തരുന്നത്. ദൈവത്തിന്റെ അപ്പമോ, സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന് ലോകത്തിനു ജീവനെ കൊടുക്കുന്നത് ആകുന്നു...ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കുകയുമില്ല* (യോഹ. 6.32–35).

വിശ്വാസികളുടെ അതിപ്രധാനമായ ദൈനംദിന ജോലിയും സന്തോഷവും എന്നത് അവരുടെ ആത്മാക്കളെ ദൈവവുമായുള്ള സന്തോഷകരമായ ബന്ധത്തിലേക്കു കൊണ്ടുവരികയാണ്. പൗലൊസ്അപ്പൊസ്തലന്റെ പരമലക്ഷ്യം ഇതായിരുന്നുവെന്ന് സാക്ഷ്യം പറഞ്ഞു: *അവനെ...അനുഭവിച്ചറിയുക* (ഫിലി. 3.10).



# അധ്യായം 6

# ന്യായപ്രമാണ ദാതാവാണ് ന്യായപ്രമാണ സംരക്ഷകൻ

മുമ്പ് കണ്ടതുപോലെ *മന്ന* നിയമപ്പെട്ടകത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ നമുക്കു നോക്കാം, *അഹരോന്റെ തളിർത്ത വടിയും നിയമത്തിന്റെ കല്പലകകളും* (എബ്രാ. 9.4).

**അഹരോന്റെ തളിർത്ത വടി!** മത്സരികളും വിഘടനവാദികളുമായ ജനക്കൂട്ടം നേതൃത്വത്തിന് എതിരായി എഴുന്നേറ്റ് സമരം ചെയ്തപ്പോൾ, ദൈവം തന്റെ ന്യായവിധി അവരുടെ മേൽ ചൊരിഞ്ഞു. അതിനുശേഷം അഹരോനാണ് യിസ്രായേലിന്റെ മഹാ പുരോഹിതനെന്ന് അവർക്കു തെളിയിച്ചുകൊടുത്തു: *...സകല ഗോത്രപ്രഭുക്കന്മാരോടും ഓരോ വടിവീതം പന്ത്രണ്ടു വടി വാങ്ങി ഓരോരുത്തന്റെ വടി മേൽ അവന്റെ പേരെഴു തുക. ലേവിയുടെ വടിമേലോ അഹരോന്റെ പേര് എഴുതണം; ഓരോ ഗോത്രത്തലവന് ഓരോ വടി ഉണ്ടായിരിക്കണം. സമാഗമനകൂടാരത്തിൽ ഞാൻ വെളിപ്പെടുന്ന ഇടമായ സാക്ഷ്യത്തിന്റെ മുമ്പാകെ*

*അവയെ വയ്ക്കണം. **ഞാൻ തിരഞ്ഞെടുക്കുന്നവന്റെ വടി തളിർക്കും;** ...പിറ്റെന്നാൾ...**അഹരോന്റെ വടി തളിർത്തിരിക്കുന്നതു കണ്ടു;** അതു തളിർത്തു പൂത്തു ബദാംഫലം കായ്ച്ചിരുന്നു* (സംഖ്യാ 17.2-8).



ഈ അത്ഭുതത്തിന്റെ വികസനത്തിൽ മൂന്നു ഘട്ടങ്ങളുണ്ട് — തളിർക്കൽ, പൂക്കൽ, ബദാംഫലം—എല്ലാം ഒരു വടിമേൽ! അതിൻപ്രകാരം അഹരോൻ മഹാ പുരോഹിതനെന്ന് തെളിയുന്നു.

ഉയിർത്തെഴുന്നേറ്റ, മഹത്വവൽക്കരിക്കപ്പെട്ട കർത്താവായ യേശു മരണത്തെ കീഴടക്കുകയും കല്ലറയെ അതിജീവിക്കുകയും തന്റെ ഉയിർപ്പിൻ ശരീരത്തിൽ സ്വർഗാരോഹണം ചെയ്യുകയും ചെയ്തു. *ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നില്ക്കുന്നത് എന്ത്?... സ്വർഗാരോഹണം ചെയ്ത ഈ യേശുവിനെ...നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും* (അപ്പൊ. 1.11). അതേ, മഹത്വ ദേശത്ത് ഒരു പുരുഷനുണ്ട്. അവനാണു നമ്മുടെ ശ്രേഷ്ഠ മഹാ പുരോഹിതൻ!

നിര്യാതനായ സി.എസ്. ലൂയിസ് പറഞ്ഞു: ''ടൺ കണക്കിനു ധാന്യങ്ങളെ അരിഞ്ഞുവീഴ്ത്തുന്ന ഒരു രാക്ഷസ സമാനമായ കൊയ്ത്തുയന്ത്രമാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം. എല്ലാവരെയും ഒരേ നിരയിലേക്ക് താഴ്ത്തിക്കൊണ്ടുവരുന്നു. അതിസമർഥനായ ഒരു വിദ്യാർഥിയുമില്ല, ആരെയയും പരാജിതരായി കാണുന്നുമില്ല. ഇതു 'ബലവാന്' രംഗത്തേക്കു വരുവാനും

പഴുത്തു മലർന്നിരിക്കുന്ന ജനാധിപത്യ സമൂഹത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുവാനും വഴിയൊരുക്കുന്നു.'' ഈ 'ബലവാൻ' എതിർക്രിസ്തു ആണെന്ന് നമുക്കറിയാം. അത്തരത്തിലൊരു ദുഷ്ടമനുഷ്യനുവേണ്ടി നമ്മുടെ അരാജകമായ കാലം വഴിയൊരുക്കുകയാണ്!

പൂർണമനുഷ്യനായ യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ എല്ലാ വിധ സാത്താന്യ ആക്രമണങ്ങളെയും നേരിടുകയും അതിജീവിക്കുകയും ചെയ്തു. ഇപ്പോൾ സ്വർഗത്തിൽ ആയിരിക്കുന്ന, സ്വന്തമായവർക്കുവേണ്ടി മധ്യസ്ഥം ചെയ്യുന്ന അവൻ *നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിക്കുവാൻ കഴിയാത്തവനല്ല* (എബ്രാ. 4.15). വിശ്വാസികൾക്കുവേണ്ടി മധ്യസ്ഥതചെയ്യുവാൻ കർത്താവായ യേശു എപ്പോഴും ജീവിക്കുന്നു. ഹല്ലേലുയ്യാ!

**കല്പലകകൾ!** സർവശക്തനായ ദൈവത്തിന്റെ അഗ്നിസാന്നിധ്യത്തിൽ സീനായ്മല കുലുങ്ങി. അവിടെ വച്ചാണ് ന്യായപ്രമാണം, *ദൈവം വിരൽകൊണ്ട് എഴുതിയ കല്പലകകളായ സാക്ഷ്യപ്പലക രണ്ടും* (പുറ. 31.18) മോശയ്ക്കു ലഭിച്ചത്.

ദൈവമെന്ന നിലയിൽ കർത്താവായ യേശുവാണ് ന്യായപ്രമാണ ദാതാവ്. പൂർണമനുഷ്യനെന്ന നിലയിൽ ഈ ഭൂമിയിൽ കർത്താവായ യേശുവാണ് ന്യായപ്രമാണ സംരക്ഷകൻ!

പൂർണമനുഷ്യൻ എന്ന നിലയിൽ ദൈവം ജഡത്തിൽ വെളിപ്പെട്ടപ്പോൾ, ന്യായപ്രമാണം നിവർത്തിക്കുവാൻ മനുഷ്യ ചരിത്രത്തിൽ അവനൊരുവൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇത് എങ്ങനെ എന്നെ ബാധിക്കും? *ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു* (ഗലാ. 3.24).

ക്രിസ്തുവിനെ സ്വീകരിക്കുന്ന എല്ലാവർക്കും അവ നിൽ പുതുജീവൻ ഇപ്പോൾ ലഭ്യമാണ്. *ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന് ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി* (1യോഹ. 4.9). *നാം അന്യോന്യം സ്നേഹിക്കണം എന്നു പുതിയ കല്പന യായിട്ടല്ല,...ഞാൻ...എഴുതി അപേക്ഷിക്കുന്നു* (2യോഹ ന്നാൻ 5).

''മറ്റെല്ലാറ്റിനെയും പുറത്താക്കുന്ന തരത്തിലുള്ള ശക്തിയുടെ പുതിയൊരു സ്നേഹത്തിന്'' ഇതു കാര ണമാകും. ഇത് അർഥമാക്കുന്നത് നാം, *ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്.* (എന്തുകൊ ണ്ടെന്നാൽ) *ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല* (1യോഹ. 2.15).

സൗത്ത് വെയ്ൽസിലെ ഖനനം നടത്തുന്ന ജില്ലയിൽ താമസിക്കുന്ന, പുതുതായി മാനസാന്തരപ്പെട്ട പന്ത്രണ്ടു വയസ്സുള്ള ഒരു പെൺകുട്ടി ചെറിയൊരു പ്രാർഥനാ യോഗത്തിൽ സംബന്ധിച്ചു. സാക്ഷ്യത്തിന്റെ സമയത്ത് അവൾ എഴുന്നേറ്റു നിന്ന് വിറയ്ക്കുന്ന സ്വരത്തോടുകൂടെ ഇങ്ങനെ പറഞ്ഞു, ''കർത്താവായ യേശുവിനെ ഞാൻ പൂർണഹൃദയത്തോടെ സ്നേഹിക്കുന്നു.'' ആ പെൺ കുട്ടിയുടെ സാക്ഷ്യം പ്രാർഥനാ യോഗത്തിൽ സംബന്ധി ച്ച പലർക്കും പാപത്തെക്കുറിച്ചുള്ള കുറ്റബോധം ഉളവാ ക്കി. അന്നു രാത്രിയിൽ ഹൃദയനുറുക്കവും ഏറ്റുപറച്ചിലും കണ്ണുനീരിന്റെ പ്രാർഥനയും വെളുപ്പിന് രണ്ടുമണി വരെ തുടർന്നു. 1904-ൽ വെയ്ൽസിലുണ്ടായ അതിശക്തമായ ഉണർവിനു കാരണമായ പ്രാർഥനാ യോഗങ്ങളിൽ ഒന്നാ യിരുന്നു ഇത്.

ഞങ്ങളുടെ വീടിന്റെ അടുത്ത് എല്ലാ വർഷവും ഇലകൾ പൊഴിക്കുന്ന ഒരു ഓക്ക്മരമുണ്ട്. വസന്തകാലത്ത് പുതിയ ഇലകൾ പ്രത്യക്ഷപ്പെടും, ശരത്കാലം ആകുമ്പോഴേക്കും ഇലകൾക്കു പ്രായംചെന്ന് തവിട്ടു നിറം ആകും. ശൈത്യകാലം വരുമ്പോഴേക്കും ഇലകൾ അതിന്റെ ഞെടുപ്പുകളിൽനിന്നും ശാഖകളിൽനിന്നും പൊഴിഞ്ഞുവീഴും. എന്നിരുന്നാലും പലപ്പോഴും ദൃഢതയുള്ള ഒരു ഇല വീഴാതെ ശാഖയിൽ തന്നെ പിടിച്ചു നില്ക്കുന്നതു കാണാം. ശാഖകളിലൂടെ പുതുജീവന്റെ പ്രവാഹം ഒഴുകിത്തുടങ്ങുന്നതുവരെ ആ ഇല ചത്തു താഴെ വീഴുകയില്ല.

അതുപോലെ ക്രിസ്തുവിലെ പുതുജീവൻ എന്ന അത്ഭുതം നമ്മുടെ ജീവിതത്തിൽ പുതിയൊരു മുൻഗണന കൊണ്ടുവരും: ''അവനെ അറിയുവാനും അവനെ അറിയിക്കുവാനും.'' പൗലൊസ് സാക്ഷിച്ചു, *എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്ന് എണ്ണുന്നു* (ഫിലി. 3.8).

വിശ്വാസത്തിൽ തന്റെ പുത്രനായ തിമൊഥെയൊസിന് എഴുതിക്കൊണ്ട് പൗലൊസ് ഉപദേശിച്ചു: *നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിക്കുവാൻ സമർഥരായ വിശ്വസ്തമനുഷ്യരെ ഭരമേല്പിക്കുക* (2തിമൊ. 2.2). ''എന്നോട്'' എന്നത് ആദ്യ തലമുറയാണ്; ''പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം'' എന്നത് രണ്ടാമത്തെ തലമുറയും; ''വിശ്വസ്ത മനുഷ്യർ'' എന്നത് മൂന്നാമത്തെ തലമുറയും; ''മറ്റുള്ളവരെ ഉപദേശിക്കുവാൻ'' എന്നത് നാലാം തലമുറ

യുമാണ്. സുവിശേഷം പരത്തുവാനുള്ള ദൈവത്തിന്റെ പദ്ധതിയാണത്. ഞാൻ സൂക്ഷിക്കുന്നത് എനിക്കു നഷ്ടപ്പെടുന്നു; ഞാൻ പങ്കുവെക്കുന്നത് **വിശ്വാസത്തിൽ മുന്നേറിക്കൊണ്ട്** ഞാൻ സൂക്ഷിക്കുന്നു!



# അധ്യായം 7

# ''എന്നിട്ടും ഞാൻ ജീവിക്കുന്നു''

## ദൈവത്തിന്റെ കൃപയാൽ...

ഒരു ഏഷ്യൻകൊട്ടാരത്തിൽ കണ്ണാടികൾ കൊണ്ടുള്ള ഒരു ഹാളുണ്ട്. 'ആയിരക്കണ്ണാടി ഹാൾ' (ദി ഹാൾ ഓഫ് എ തൗസന്റ് മിറേഴ്സ്) എന്നാണത് അറിയപ്പെടുന്നത്. താങ്കൾ അതിനുള്ളിലേക്കു പ്രവേശിക്കുക—ആയിരം കൈകൾ താങ്കൾക്കു നേരെ നീളും, താങ്കളുടെ പുഞ്ചിരിയെ ആയിരം പുഞ്ചിരികൾ എതിരേല്ക്കും, താങ്കൾ കരഞ്ഞാൽ ആയിരം കണ്ണുകൾ കണ്ണീർ പൊഴിക്കും; അതെല്ലാം താങ്കളുടെ കൈകളാണ്, താങ്കളുടെ പുഞ്ചിരിയാണ്, താങ്കളുടെ കണ്ണീരാണ്. സ്വയം കേന്ദ്രീകൃതനായ മനുഷ്യന്റെ ചിത്രമാണത്—നാലുപാടും നോക്കിയാലും സ്വയം മാത്രം, സ്വയത്തിന്റെ ഇരട്ടിയായ ഭാവങ്ങൾ.

''കഴിഞ്ഞൊരു ദിവസം എന്റെ വിദ്യാർഥികളിൽ ഒരുവൻ ഒരു പ്രസക്തമായ കാര്യം എന്നോടു പറഞ്ഞു: 'സാറ് എനിക്കുവേണ്ടി പ്രാർഥിക്കണം. എന്നിലാകമാനം

ഏറെ സ്വയമാണെന്ന് എനിക്കു മനസ്സിലാകുന്നു. ഞാൻ പാടിയാലും പ്രസംഗിച്ചാലും, അത് എന്നെ എങ്ങനെ ബാധിക്കുമെന്ന് ഞാൻ എന്നെക്കുറിച്ചു തന്നെയാണ് ചിന്തിക്കുന്നത്.' പെട്ടെന്ന് ഗലാത്യർ 2.20 എന്റെ മനസ്സിലേക്കു വന്നു. അതിലെ വാക്കുകൾ ഞാൻ ഊന്നി പറഞ്ഞു, *ഞാനല്ല ക്രിസ്തുവത്രെ*. ഇനിയും നിങ്ങളിൽ നിങ്ങളെക്കുറിച്ചുള്ള ചിന്ത വരുമ്പോൾ, സ്വയത്തിനു പകരമായി ക്രിസ്തുവിനെ വെക്കുക. അവൻ നിങ്ങൾക്കു വിജയം നല്കും. *ഞാനല്ല ക്രിസ്തുവത്രെ* എന്ന് എപ്പോഴും ഉരുവിട്ടുകൊണ്ട് ആ വിദ്യാർഥി പോയി എന്ന് ഞാൻ വിശ്വസിക്കുന്നു.'' ഹോവാർഡ് ഫെറിൻ.

സ്വയം സ്വമേധയാ ദൈവത്തെ സേവിക്കുവാൻ തയ്യാറെടു ക്കും, എന്നാൽ പരീക്ഷിക്കപ്പെട്ടാൽ ഉടനെ അതിന്റെ ദുഷിച്ച തല ഉയർത്തുകയും ചെയ്യും! ഡൊറോത്തിയും ഞാനും ആഫ്രിക്കയിൽ തദ്ദേശീയരും മിഷനറിമാരുമായ 500 പേരുടെ ഒരു യോഗത്തിൽ ശുശ്രൂഷിച്ചത് ഓർക്കുന്നു. ഉപസംഹാര പ്രാർഥനയുടെ സമയത്ത് വളരെ ഹൃദയനുറുക്കവും കണ്ണീരും അവിടെ ഉണ്ടായി. പൈശാചികബന്ധനവും എതിർപ്പും ഉണ്ടായിരുന്ന തങ്ങളുടെ വേലസ്ഥലങ്ങളിലെ ഫലക്കുറവിനെക്കുറിച്ച് ചില വേലക്കാർക്ക് ദുഃഖമുണ്ടായിരുന്നു. മറ്റു ചിലർ നിരാശിതരും ക്ഷീണിതരുമായി തങ്ങളുടെ ശുശ്രൂഷ ഉപേക്ഷിക്കുവാൻ പോകുകയായിരുന്നു. എന്നാൽ ഈ യോഗങ്ങളിൽവച്ച് വെളിച്ചത്തിന്റെയും മഹത്വത്തിന്റെയും ദൈവമായ എല്ലാം കാണുന്നവന്റെ കണ്ണുകൾക്കു മുമ്പിൽ അവർ വെളിപ്പെട്ടപ്പോൾ, *ഞാനല്ല ക്രിസ്തുവത്രെ* എന്ന് അവകാശപ്പെട്ടുകൊണ്ട് ''വിശ്വാസത്തിൽ മുന്നോട്ട്'' പോകുവാൻ അവർ പുതിയ തീരുമാനമെടുത്തു.

എന്റെ മാതാപിതാക്കന്മാരുടെ റിട്ടയർമെന്റ് വീട്ടിൽ ഒരു ചെറിയ തത്ത ഉണ്ടായിരുന്നു. *നീ വീണ്ടും ജനിക്കണം* എന്ന് പറയുവാൻ ഞാനതിനെ പഠിപ്പിച്ചു. രക്ഷിക്കപ്പെട്ടിട്ടില്ലാത്ത സന്ദർശകർ ആ സന്ദേശം വ്യക്തമായി കേട്ടു!

ആ തത്ത ഒരു സുവിശേഷകൻ ആയിരുന്നുവെന്ന് പറയാനൊക്കുമോ? ഇല്ല! അത് എന്താണ് ഉരുവിടുന്നതെന്ന് അതിനു പോലും അറിയില്ലായിരുന്നു.

അതുപോലെ തന്നെയാണ് നമ്മിൽ പലരും. ഭംഗിയായി ഇങ്ങനെ ഉരുവിടും: *ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ* ***ഞാൻ*** *ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത* ***ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്*** (ഗലാ. 2.20). എന്നെ സംബന്ധിച്ച് ഒരു വാക്യം ഉദ്ധരിച്ചിട്ട് അതു പ്രയോഗത്തിൽ ആക്കുന്നില്ലെങ്കിൽ അർഥശൂന്യമാണ്!

*ദൈവപുത്രന്റെ വിശ്വാസം!* ശ്രദ്ധിക്കണേ, ക്രൂശിന്മേൽ തന്റെ 'നിവൃത്തിയായ പ്രവൃത്തി'യിലുള്ള **കർത്താവായ യേശുവിന്റെ വിശ്വാസത്താലാണ്** നമ്മുടെ സ്വയത്തിന്റെ ജീവിതത്തിൽനിന്ന് ദിനന്തോറും അവനു നമ്മെ വിടുവിക്കുവാൻ കഴിയുന്നത്. എന്റെ വിശ്വാസം അവന്റേതുമായി യോജിപ്പിച്ചിട്ട് ''വിശ്വാസത്തിൽ മുന്നോട്ട്'' പോകുവാൻ ഞാൻ തയ്യാറാണോ? നിര്യാതനായ ഏ. ബി. സിംപ്സൺ എഴുതി:

ഒരിക്കൽ അത് അനുഗ്രഹമായിരുന്നു, ഇപ്പോഴത് കർത്താവാണ്;

ഒരിക്കൽ അത് തോന്നലായിരുന്നു, ഇപ്പോഴത് അവന്റെ വചനമാണ്;

ഒരിക്കൽ എനിക്ക് അവന്റെ ദാനം മതിയായിരുന്നു,
ഇപ്പോൾ ദാതാവിനെ തന്നെ വേണം;
ഒരിക്കൽ ഞാൻ സൗഖ്യത്തിനായി അന്വേഷിച്ചു,
ഇപ്പോൾ അവനെ മാത്രം;
ഒരിക്കൽ അത് എന്റെ പ്രവൃത്തിയായിരുന്നു, ഇനി
മുതൽ അത് അവന്റേതായിരിക്കും;
ഒരിക്കൽ അവനെ ഉപയോഗിക്കുവാൻ ഞാൻ നോക്കി,
ഇപ്പോൾ അവൻ എന്നെ ഉപയോഗിക്കുന്നു;
ഒരിക്കൽ ശക്തിയായിരുന്നു എനിക്കാവശ്യം, ഇപ്പോൾ
സർവശക്തനെ മതി;
ഒരിക്കൽ സ്വയത്തിനുവേണ്ടി ഞാൻ അധ്വാനിച്ചു,
ഇപ്പോൾ അവനുവേണ്ടി മാത്രം.

എന്റെ ജീവൻ അവന്റെ ജീവനുവേണ്ടി 'കൈമാറ്റം' ചെയ്യുന്നതിന്റെ കൃത്യമായ ഒരു ചിത്രീകരണം യിസ്രായേൽമക്കൾ യോർദാൻനദി കുറുകെ കടക്കുന്ന വിവരണത്തിൽ കാണാം. ഇതു സാധ്യമാക്കുന്നതിന് ദൈവം നദിയിലെ വെള്ളം 'ആദാം' എന്ന സ്ഥലത്ത് ചിറപോലെ നിർത്തി. ഒരു ഭൂഗർഭശാസ്ത്രജ്ഞനോ പുരാവസ്തുശാസ്ത്രജ്ഞനോ 'ആദാം' എന്നൊരു സ്ഥലം ഇതുവരെ കണ്ടുപിടിക്കാനായിട്ടില്ല. ആദാം ദൈവത്തെ അനുസരിക്കാതെ സാത്താനെ അനുസരിച്ചിട്ട് ജഡേച്ഛകൾക്കു വഴങ്ങി വിലക്കപ്പെട്ട കനി കഴിച്ചതിന്റെ പ്രതീകമാണോ ഇത്? അതിന്റെ വിനാശകരമായ ഫലം ഇതായിരുന്നു, ആദാമിന്റെ ആത്മാവിലെ ആത്മിക ജീവൻ മരണമടഞ്ഞിട്ട് പിന്തലമുറകളായ നമുക്ക് എല്ലാവർക്കും നാശകരമായ ഒരു പൈതൃകം ശേഷിപ്പിച്ചു: *അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചു* (എഫെ. 2.1). മധ്യസ്ഥനായ ക്രിസ്തു

വിനെ പ്രതിനിധീകരിക്കുന്ന സാക്ഷ്യത്തിന്റെ പെട്ടകം യോർദാനിലൂടെ കുറുകെ കടന്നതിനുശേഷമാണ് ചിറ പോലെ പൊങ്ങിയ വെള്ളം (തടഞ്ഞുനിർത്തപ്പെട്ടത്) വീണ്ടും ഒഴുകാൻ തുടങ്ങിയത്: *ഇതാ, സർവഭൂമിക്കും നാഥനായവന്റെ നിയമപ്പെട്ടകം നിങ്ങൾക്കു മുമ്പായി യോർദാനിലേക്കു കടക്കുന്നു* (യോശു. 3.11).

**പന്ത്രണ്ടു കല്ലുകൾ മൂടപ്പെട്ടു!** *ആകയാൽ ഓരോ ഗോത്രത്തിൽനിന്ന് ഓരോ ആൾ വീതം യിസ്രായേൽ ഗോത്രങ്ങളിൽനിന്ന് പന്ത്രണ്ട് ആളെ കൂട്ടുവിൻ...നിങ്ങളിൽ ഓരോരുത്തൻ ഓരോ കല്ല് ചുമലിൽ എടുക്കണം...**പന്ത്രണ്ട് കല്ല് യോർദാന്റെ നടുവിൽനിന്ന് എടുത്ത്**...യോർദാന്റെ നടുവിലും നിയമപ്പെട്ടകം ചുമന്ന പുരോഹിതന്മാരുടെ കാൽ നിന്ന സ്ഥലത്ത് യോശുവ പന്ത്രണ്ട് കല്ല് നാട്ടി; **അവ ഇന്നുവരെ അവിടെ ഉണ്ട്*** (യോശു. 3.12; 4.5,8,9). അതേ, ഇനിയൊരിക്കലും കാണാത്തവിധം അവ മൂടപ്പെട്ടു! പ്രായോഗികമായി ഇത് അർഥമാക്കുന്നത്, ''സ്വയ-ജീവിതം'' ഇനി കല്യാണവീട്ടിലെ പെണ്ണും ശവസംസ്കാരത്തിലെ ശവവും എന്ന തരത്തിലുള്ള ശ്രദ്ധാ കേന്ദ്രമാകുവാൻ ആഗ്രഹിക്കുകയില്ല. കല്ലിന്മേൽ ''സ്വയം'' എന്ന് എഴുതി വച്ചിട്ട്, ''ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു'' എന്ന് പറയുവാൻ നിങ്ങൾ തയ്യാറാണോ?

**പന്ത്രണ്ടു കല്ലുകൾ കണ്ടെടുത്തു!** *യോർദാന്റെ നടുവിൽ പുരോഹിതന്മാരുടെ കാൽ ഉറച്ചുനിന്ന സ്ഥലത്തുനിന്ന് പന്ത്രണ്ട് കല്ല് എടുത്ത് കരയ്ക്കു കൊണ്ടുവന്ന് ഈ രാത്രി നിങ്ങൾ പാർക്കുന്ന സ്ഥലത്ത് വയ്ക്കുവാൻ കല്പിക്കുവിൻ* (യോശു. 4.3). പന്ത്രണ്ടുകല്ലുകൾ വെള്ളത്തിനടി

യിലും വേറെ പന്ത്രണ്ടു കല്ലുകൾ വെള്ളത്തിൽനിന്ന് എടുത്തതും. പൗലൊസ് അപ്പൊസ്തലൻ സാക്ഷിച്ചതു പോലെ, *...അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും...* (ഫിലി. 3.10,11).

ഇരുപത്തി നാലു കല്ലുകൾ പ്രതിനിധാനം ചെയ്യുന്നത്, വെള്ളത്തിനടിയിൽ മറയ്ക്കപ്പെട്ട പന്ത്രണ്ടു കല്ലുകളും വെള്ളത്തിൽനിന്ന് പുറത്തെടുത്ത പന്ത്രണ്ടു കല്ലുകളും: *അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ* (റോമ. 6.4).

സ്വന്തം കാര്യം സിന്ദാബാദും സ്വന്തം സുഖവും അന്വേഷിക്കുന്ന പ്രകൃതത്തെ ദൈവം മരണത്തിലേക്ക് കൊണ്ടുവന്നിട്ട് ക്രിസ്തുവിന്റെ പുതുജീവൻ പകരമായി വെക്കുന്നു. സമൂഹത്തിൽ അംഗീകാരം ലഭിക്കത്തക്ക ഒരു പ്രതിച്ഛായ വികസിപ്പിക്കുവാൻ സ്വയത്തിന്റെ ജീവനെ അവൻ പഠിപ്പിക്കുകയില്ല, എന്നാൽ ആദാമിൽനിന്നു നമുക്കു ലഭിച്ച പൈതൃകം മാറ്റിയിട്ട് ക്രിസ്തുവിൽ നിന്നുള്ള അവകാശം പകരം തരുന്നു! അതുകൊണ്ട്, *നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെത്തന്നേ പരീക്ഷിക്കുവിൻ; നിങ്ങളെത്തന്നേ ശോധനചെയ്യുവിൻ. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നുവരികിൽ, യേശുക്രിസ്തു നിങ്ങളിൽ ഉണ്ട് എന്നു നിങ്ങളെത്തന്നേ അറിയുന്നില്ലയോ?* (2കൊരി. 13.5,6).

വെളിച്ചത്തിന്റെയും മഹത്വത്തിന്റെയും പരിശുദ്ധ ദൈവത്തിന്റെ സാന്നിധ്യത്തിൽ നടക്കുന്ന വേദനാജനകമായ അത്തരം ശോധനകൾ നമ്മെ നാം ആയിരിക്കുന്നതു പോലെ വെളിപ്പെടുത്തും. അപ്പോൾ 'സ്വയത്തെ' നമ്മുടെ സ്വന്തത്തിന്റെ ശിലയിൽ കൊത്തുകയും അതുപോലെ 'നദിയിൽ' എറിഞ്ഞുകളയുകയും ചെയ്തിട്ട്, *ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ* (ഗലാ. 2.20) എന്ന് ആയിത്തീരും. ഇതു നമ്മെക്കൊണ്ട് ഇങ്ങനെ പറയിപ്പിക്കും, *കർത്താവേ, നീ സർവവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊള്ളുവാൻ യോഗ്യൻ* (വെളി. 4.11).

എന്റെ ജൈത്രയാത്രയ്ക്കു മുമ്പേ എന്റെ വിലാപയാത്ര പുറപ്പെടണം, *നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു* (കൊലൊ. 3.3). *അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ* (റോമ. 6.11).

**പുറത്തും അകത്തും!** യിസ്രായേൽമക്കളെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി അവരെ മിസ്രയീമിൽനിന്നു വിടുവിക്കുക മാത്രമായിരുന്നില്ല, അവരെ വാഗ്ദത്ത നാട്ടിൽ എത്തിക്കുക കൂടിയായിരുന്നു. *...യഹോവ ബലമുള്ള കൈകൊണ്ടു ഞങ്ങളെ മിസ്രയീമിൽനിന്നു പുറപ്പെടുവിച്ചു...താൻ നമ്മുടെ പിതാക്കന്മാരോടു സത്യംചെയ്ത ദേശം തരുവാൻ അതിൽ കൊണ്ടുവന്നാക്കേണ്ടതിന് അവിടെനിന്നു പുറപ്പെടുവിച്ചു* (ആവ. 6.21,23). എന്നെ സ്വർഗത്തിനു യോഗ്യനാക്കുവാൻവേണ്ടി കർത്താവായ യേശു

തന്റെ രക്തം ചൊരിഞ്ഞു എന്ന് അറിയുന്നത് എത്ര അത്ഭുതകരമാണ്. അതുപോലെതന്നെ ഈ ഭൂമിയിൽ ജീവിക്കുവാൻ ഞാൻ യോഗ്യനാകേണ്ടതിന് അവനോടു കൂടെ ക്രൂശിൽ മരിച്ചു എന്നറിയുന്നതും എത്ര അത്ഭുത കരമാണ്. ആമേൻ!



# അധ്യായം 8

# പ്രയോഗത്തിലായ വിശ്വാസം

വിശ്വാസി ക്രിസ്തുവിനോടുകൂടെ മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു എന്ന് അപ്പൊസ്തലനായ പൗലൊസ് റോമർ ആറാമധ്യായത്തിൽ പ്രഖ്യാപിച്ചു. എന്നിട്ട് അടുത്ത അധ്യായത്തിൽ അവനെഴുതി: ''പാപമോ അവസരം ലഭിച്ചിട്ടു കല്പനയാൽ എന്നിൽ സകലവിധ മോഹത്തെയും ജനിപ്പിച്ചു''...''ഞാൻ പ്രവർത്തിക്കുന്നതു ഞാൻ അറിയുന്നില്ല; ഞാൻ ഇച്ഛിക്കുന്നതിനെയല്ല, പകയ്ക്കുന്നതിനെ അത്രേ ചെയ്യുന്നത്''...''അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽനിന്ന് എന്നെ ആര് വിടുവിക്കും? നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു സ്തോത്രം ചെയ്യുന്നു'' (7.8,15,24-25).

നാം ഇതു ശ്രദ്ധിക്കേണ്ടത് വളരെ പ്രധാനമാണ്, യിസ്രായേൽമക്കളെ അത്ഭുതകരമായി യോർദാൻ നദിയിലൂടെ നടത്തി അതിൽനിന്ന് പന്ത്രണ്ടു കല്ലുകൾ




*എടുത്തപ്പോൾ, യോശുവ അവരോടു പറഞ്ഞത്: യോർദാനു നടുവിൽ നിങ്ങളുടെ ദൈവമായ യഹോവയുടെ പെട്ടകത്തിനു മുന്നിൽ ചെന്ന് യിസ്രായേൽമക്കളുടെ ഗോത്രസംഖ്യക്ക് ഒത്തവണ്ണം നിങ്ങളിൽ ഓരോരുത്തൻ ഓരോ കല്ല് . . . എടുക്കണം* (യോശു. 4.5).

*യഹോവയുടെ സാക്ഷ്യപ്പെട്ടകം ചുമക്കുന്ന പുരോഹിതന്മാർ **യോർദാന്റെ നടുവിൽനിന്നു കയറി**: പുരോഹിതന്മാരുടെ ഉള്ളം കാൽ കരയ്ക്കു പൊക്കിവച്ച ഉടനെ യോർദാനിലെ വെള്ളം... തീരം കവിഞ്ഞ് ഒഴുകി...**യോർദാനിൽ നിന്ന് എടുത്ത പന്ത്രണ്ടു കല്ല് യോശുവ ഗിൽഗാലിൽ നാട്ടി*** (യോശു. 4.18,20).

**ഒരു സാക്ഷ്യമായി** ഗിൽഗാലിൽ പുനരുത്ഥാനത്തിന്റെ ഈ **പന്ത്രണ്ടു** കല്ലുകൾ നാട്ടി: *ഇത് നിങ്ങളുടെ ഇടയിൽ ഒരു അടയാളമായിരിക്കണം; ഈ കല്ല് എന്ത് എന്ന് നിങ്ങളുടെ മക്കൾ വരുംകാലത്ത് ചോദിക്കുമ്പോൾ: യോർദാനിലെ വെള്ളം യഹോവയുടെ നിയമപ്പെട്ടകത്തിന്റെ മുമ്പിൽ രണ്ടായി പിരിഞ്ഞതുനിമിത്തംതന്നെ എന്ന് അവരോടു പറയണം. അതു യോർദാനെ കടന്നപ്പോൾ യോർദാനിലെ വെള്ളം രണ്ടായി പിരിഞ്ഞതുകൊണ്ട് ഈ കല്ല് യിസ്രാ*

*യേൽമക്കൾക്ക് എന്നേക്കും ജ്ഞാപകമായിരിക്കണം* (യോശു. 4.6,7).

ദൈവത്തിന്റെ അതിശക്തമായ വിടുതലിന്റെയും തന്റെ മക്കളെ വാഗ്ദത്തദേശത്തേക്കു കൊണ്ടുവരുന്നതിന്റെയും ഒരു സാക്ഷ്യമാണ് (ജ്ഞാപകം) **ഗിൽഗാൽ**. എന്നാൽ അതിലുപരിയായി പരിച്ഛേദന എന്ന കല്പനയുടെ പുനഃസ്ഥാപനം നടക്കുന്ന സ്ഥലവും ഗിൽഗാൽ ആണ്.

ഇന്ന് പരിച്ഛേദന എന്നത് ബാഹ്യമായ ഒരാചാരം മാത്രമല്ല, **ദൈവത്തോടുള്ള ഒരു ഹൃദയ മനോഭാവം കൂടെയാണ്**.

യഹൂദന്മാർക്കും ജാതികൾക്കുംവേണ്ടി എഴുതുമ്പോൾ അപ്പൊസ്തലനായ പൗലൊസ് പ്രഖ്യാപിച്ചു: *അകമെ യഹൂദനായവനത്രേ യഹൂദൻ; അക്ഷരത്തിലല്ല ആത്മാവിലുള്ള ഹൃദയപരിച്ഛേദനയത്രേ പരിച്ഛേദന; അവനു മനുഷ്യരാലല്ല ദൈവത്താൽ തന്നേ പുകഴ്ച ലഭിക്കും* (റോമ. 2.29). വിശ്വാസത്തിന്റെ പ്രവർത്തനത്തിൽ സ്വയം ജീവിതം മരിക്കുന്നു, അതുമുതൽ സ്വയം കേന്ദ്രീകൃതമായ ജീവിതത്തിനു പകരം ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം! എന്നിരുന്നാലും പാപപ്രകൃതം അഥവാ ജഡം മരിച്ചുപോയെന്ന് അർഥമില്ല, പരിശുദ്ധാത്മാവിനാൽ മാത്രമാണ് അതു സാധ്യമാക്കപ്പെടുന്നത്: *നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും* (റോമ. 8.13).

**ഒന്ന്:** മൂലഭാഷയായ ഗ്രീക്കിൽ ''നിങ്ങൾ'' എന്ന വാക്ക് ''മരിപ്പിക്കുന്നു'' എന്ന ക്രിയയുടെ വിഷയമാണ്, അത് കർത്തരി പ്രയോഗത്തിലാണ് (active voice) എഴുതിയിരിക്കുന്നത്. **വേദപുസ്തക വസ്തുത:** എന്റെ

ജഡത്തിന്റെ പ്രവൃത്തികളിൽനിന്നു ഞാൻ വിടുവിക്കപ്പെട്ടുവെങ്കിൽ, ഉത്സാഹത്തോടും ധനാത്മകതയോടും കൂടെ ഞാൻ ദൈവവുമായി സഹകരിക്കണം.

**രണ്ട്:** ''ആത്മാവിനാൽ''—ദൈവത്തിന്റെ ദിവ്യ ആരാച്ചാർ—മാത്രമേ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുവാൻ (നിഷ്ക്രിയമാക്കുവാൻ) കഴിയുകയുള്ളൂ. ജഡത്തിന്മേൽ വിജയം നേടുവാനുള്ള ദൈവത്തിന്റെ അത്ഭുതദാനമാണ് ഇത്. **വേദപുസ്തക വസ്തുത:** ഈ പ്രക്രിയയിൽ പ്രാർഥനയോടും വചനപ്രകാരവും ഞാൻ ഇടപെടണമെങ്കിലും, ഞാനെത്ര കഠിനാധ്വാനം ചെയ്താലും ഒറ്റയ്ക്ക് ജഡത്തെ മരിപ്പിക്കുവാൻ കഴിയുകയില്ല. പരിശുദ്ധാത്മാവിനു മാത്രമേ ജഡത്തിന്റെ പ്രവൃത്തികളിൽ നിന്ന് വിപ്ലവകരമായ നിലയിൽ വേർപെടുത്തുവാനാകയുള്ളൂ.

**മൂന്ന്:** വർത്തമാനകാലത്തിലാണ് ഈ വാക്യം എഴുതിയിരിക്കുന്നത്. പ്രായോഗികമായി പറഞ്ഞാൽ ഇതിന്റെ അർഥം ഞാൻ തുടർച്ചയായി ഗിൽഗാലിലേക്കു മടങ്ങിപ്പോകുന്നു എന്നാണ്. **വേദപുസ്തക വസ്തുത:** സ്വയ-ജീവന്റെ പ്രവൃത്തികളെ നീക്കണമേയെന്നു പരിശുദ്ധാത്മാവിനോടു നാം ആദ്യമായി അപേക്ഷിക്കുമ്പോൾ അത് രൂപാന്തരപ്പെടുത്തുന്ന ഒരനുഭവം ആയിരിക്കുമെങ്കിലും, നമ്മുടെ പാപപ്രകൃതം പാടേ നീക്കപ്പെട്ടു എന്ന് അർഥമില്ല. ദൈവത്തോടുള്ള വിശ്വാസത്തിന്റെ പ്രഥമമായ പ്രതികരണം എന്നത് തുടർമാനവും നടന്നുകൊണ്ടിരിക്കുന്നതും ചിരസാന്നിധ്യവുമായ ഒരനുഭവമാണ്.

ഈ സത്യം ചിത്രീകരിക്കുവാൻ നമ്മുടെ ഭാവനയിലൂടെ നമുക്ക് ഒരു കോടതിമുറിയിലേക്കു പോകാം. കൊലപാതകക്കുറ്റത്തിന് ഒരു മനുഷ്യനെ അവിടെ

വിസ്തരിക്കുകയാണ്. തെളിവുകൾ പരിശോധിച്ചു, ആ മനുഷ്യന്റെ കുറ്റം സ്ഥാപിക്കപ്പെട്ടു, ഇനി വിധി പ്രഖ്യാപിക്കുന്ന വലിയ ചുമതല ജഡ്ജിയുടെതാണ്. ജഡ്ജി എഴുന്നേറ്റ്, ''ഈ മനുഷ്യൻ കൊലപാതകം ചെയ്തതായി തെളിയിക്കപ്പെട്ടതിനാൽ, വധശിക്ഷയ്ക്കു വിധിക്കുന്നു'' എന്നു പറഞ്ഞതോടെ കോടതിയാകെ നിശബ്ദമായി.

ആ വിഷാദപ്രസ്താവനയോടുകൂടെ ജഡ്ജിയുടെ ജോലി പൂർത്തിയാകുന്നു. എന്നാലാകട്ടെ, ആ ജഡ്ജി തന്റെ കസേരയുടെ അടിയിൽനിന്ന് ഒരു കൈത്തോക്ക് എടുത്തിട്ട് അദ്ദേഹം തന്നെ ആ കൊലപാതകിയെ വെടിവെച്ചുകൊന്നാൽ അദ്ദേഹം കൊലപാതകക്കുറ്റക്കാരനാകും. ജഡ്ജിയല്ല വധശിക്ഷ നടപ്പാക്കേണ്ടത്, സർക്കാർ നിയമിച്ച ആരാച്ചാരാണ്. ഇല്ല, നമുക്ക് സ്വയം ക്രൂശിക്കുവാൻ കഴിയുകയില്ല. ''ശരീരത്തിന്റെ പ്രവൃത്തികളെ'' നിഷ്ക്രിയമാക്കുവാൻ പരിശുദ്ധാത്മാവിന് അഥവാ ദിവ്യ ആരാച്ചാർക്കു മാത്രമേ കഴിയുകയുള്ളൂ.

അപ്രകാരം, കുറ്റം ഏറ്റുപറഞ്ഞ് ദിവ്യ ആരാച്ചാർ അഥവാ പരിശുദ്ധാത്മാവിന് ഏല്പിച്ചുകൊടുക്കാതെ നമ്മുടെ ''ജഡത്തെ'' നന്നാക്കുവാൻ നമുക്കാവില്ല. സ്വയം ഉയർത്തുവാനും പ്രതിരോധിക്കുവാനും സ്വതഃസിദ്ധമായ കഴിവുള്ള ''ശരീരത്തിന്റെ പ്രവൃത്തികളുടെ'' മേൽ ഈ രീതിയിൽ നാം മരണശിക്ഷ പ്രഖ്യാപിക്കുന്നു. **പ്രാർഥന:** ''കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനാൽ എന്നെ ക്രൂശിനോടു ബന്ധിച്ച് എന്റെ സ്വയം ജീവിതത്തോടുള്ള ഇഷ്ടത്തെ മരിപ്പിക്കണമേ. ഇനി മുതൽ 'ഞാനല്ല': ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് എന്നാകുവാൻ ഞാനാഗ്രഹിക്കുന്നു.''

**"വിശ്വാസത്തിൽ മുന്നോട്ട്."** യഥാർഥമായും ക്രിസ്തുകേന്ദ്രീകൃതമായ സ്വാതന്ത്ര്യജീവിതത്തിന്റെ സന്തോഷം നിലനിർത്തുവാൻ "ഹൃദയ" പരിച്ഛേദനയുടെ "ഗിൽഗാലിലേക്ക്" നാം നിരന്തരം തിരിച്ചുചെല്ലണം. കർത്താവിൽ പരിപൂർണആശ്രയം വെച്ചുകൊണ്ട് എനിക്കു ജീവിക്കേണ്ടതിന്റെ ആവശ്യമില്ല എന്നു പറയുവാൻ കഴിയുന്ന ഒരു ക്രിസ്തീയ അനുഭവവും ഇല്ല.



# അധ്യായം 9
# വിശ്വാസത്തിൽകൂടി വിജയം

*ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ.*
1യോഹന്നാൻ 5.4

ഇംഗ്ലിഷ് ചാനലിന്റെ കപ്പൽത്തുറയിൽ സൈന്യം വളരെയായി സംഘടിച്ചു. നാസിഭരണത്തിന്റെ ഇരുമ്പ് മുഷ്ടികളിൽനിന്ന് രാജ്യങ്ങളെ മോചിപ്പിക്കുവാനായി ശത്രുരാജ്യത്തിന്റെ തീരത്ത് പട ഇറക്കി മുന്നേറുവാനായിരുന്നു പദ്ധതി.

ചാനലിന്റെ കുറുകെകടക്കൽ അസാമാന്യ ധൈര്യത്തിന്റെയും എഞ്ചിനീയറിങ് വൈദഗ്ധ്യത്തിന്റെയും പ്രകടനമായിരുന്നു. ശത്രുതീരത്തുള്ള അതിശക്തമായ പ്രതിരോധത്തിന്റെ മധ്യത്തിൽ ടാങ്കുകളും പീരങ്കികളും മറ്റും ഇറക്കുവാൻ ഒരു താൽക്കാലിക കപ്പൽത്തുറ നിർമിച്ചു.

ശത്രുതീരം പിടിച്ചെടുക്കുന്നതിനും തുടർന്നു നടക്കുവാൻ പോകുന്ന അപകടകരമായ പോരാട്ടങ്ങൾക്കും

വേണ്ടി വിജയകരമായി അവിടെ ചെന്ന് ഇറങ്ങുന്നത് അത്യാവശ്യമായിരുന്നു. **ആദ്യം ശത്രുതീരം പിടിച്ചെടുക്കുക, പിന്നെ യുദ്ധം.** ഇതേ തത്വം ഇന്നും ശരിയാണ്.

ഡൊറോത്തി ഒരു കൊച്ചുപെൺകുട്ടിയായിരുന്ന കാലത്ത് അതിരാവിലെ ഉണർന്നിരുന്നത് തന്റെ വീടിന്റെ അടുത്തുകൂടെ പട്ടാളക്കാർ ബൂട്സ് ഇട്ടു നടക്കുന്നതിന്റെ ''പടാ'' ''പടാ'' എന്നുള്ള ശബ്ദം കേട്ടുകൊണ്ടായിരുന്നു എന്ന് ഓർക്കുന്നു. അജ്ഞാത സാഹചര്യത്തെ നേരിടാൻ പോകുന്ന ഈ ധീരയോദ്ധാക്കളിൽ അനവധി പേരും അവരുടെ ഭവനങ്ങളിലേക്കും പ്രിയപ്പെട്ടവരുടെ അടുത്തേക്കും തിരിച്ചുവരികയില്ലല്ലോ എന്ന് മനസ്സിലാക്കിക്കൊണ്ട്, അയൽക്കാരെല്ലാം തെരുവോരത്ത് ശാന്തമായി നിരന്നു നിന്ന് കണ്ണീരിൽ കുതിർന്ന തങ്ങളുടെ തൂവാലകൾ വീശിക്കൊണ്ട് അവർക്ക് സ്നേഹപൂർവം വിടവാങ്ങൽ അർപ്പിക്കുമായിരുന്നു.

അതേപോലെ യിസ്രായേൽമക്കളെ ശത്രുതീരം പിടിച്ചടക്കി വാഗ്ദത്തദേശം ശുദ്ധീകരിച്ച് കൈയടക്കുന്നതിനു സഹായിക്കുവാൻ യോർദാൻനദിയിലെ വെള്ളം ചിറപോലെ പൊങ്ങുമാറാക്കിക്കൊണ്ട് ദൈവം തന്റെ സർവശക്തി പ്രകടിപ്പിച്ചു. യോർദാൻ കുറുകെ കടക്കുന്നതായിരുന്നില്ല ലക്ഷ്യം, എന്നാൽ വാഗ്ദത്തം ചെയ്തിരുന്നതുപോലെയുള്ള ഭാവികാല വിജയങ്ങൾ നേടുവാനായി ശത്രുതീരം പിടിച്ചടക്കണമായിരുന്നു: *ആ ജാതികളെ നിന്റെ ദൈവമായ യഹോവ കുറേശ്ശ കുറേശ്ശയായി നിന്റെ മുമ്പിൽനിന്നു നീക്കിക്കളയും* (ആവ. 7.22).

**കുറേശ്ശ കുറേശ്ശ:** ''ബ്രിട്ടീഷ് കോമൺവെൽത്ത് കാനഡയെക്കൂടെ കൂട്ടിച്ചേർത്ത രീതി ഉദാഹരണമായി എടുക്കുക. 1759-ലാണ് ക്യൂബെക് യുദ്ധം നടന്നത്; ആ ഒരൊറ്റ

യുദ്ധത്തിൽ ഫ്രാൻസിന്റെ കൈയിൽനിന്ന് കാനഡയെ തട്ടിയെടുത്തു. ആ ഒരു യുദ്ധം വളരെ നിർണായകമായിരുന്നു, എങ്കിലും തുടർന്നുള്ള അനവധി വർഷങ്ങളിലെ അനവധി പ്രാദേശിക പോരാട്ടങ്ങൾക്കുശേഷമാണ് ദേശം മുഴുവനും കൈക്കലാക്കുവാൻ കഴിഞ്ഞത്. അതാണു മുഴുവനും കൈക്കലാക്കുന്നതും, എന്നിട്ട് ഓരോരോ ഭാഗങ്ങളായി പിടിച്ചടക്കുന്നതും തമ്മിലുള്ള വ്യത്യാസം കൊണ്ട് ഞാൻ അർഥമാക്കുന്നത്.'' മാർട്ടിൻ ലോയ്ഡ് ജോൺസ്.

യിസ്രായേൽമക്കൾ തുടർന്ന് നേരിടാൻ പോകുന്ന യുദ്ധങ്ങളെ അതിജീവിക്കുവാൻ ദൈവം ഭീതിയില്ലാത്ത വിശ്വാസമുണ്ടെന്നു തെളിയിക്കപ്പെട്ട രണ്ടു നേതാക്കന്മാരെ തിരഞ്ഞെടുത്തു: കാലേബും യോശുവയും. മരുഭൂമിയിൽവച്ച് കാലേബിനെക്കുറിച്ചു പറഞ്ഞത് നാം വായിക്കുന്നു: *അവൻ യഹോവയെ പൂർണമായി പറ്റിനിന്നു* (ആവ. 1.36). യോശുവയെക്കുറിച്ച് പറയുമ്പോൾ, യിസ്രായേൽമക്കൾ മറുതലിച്ചുകൊണ്ട് എന്നും ഒരേ ഭക്ഷണമെന്നു വിലപിച്ച് മോശയ്ക്ക് എതിരായപ്പോൾ, തന്റെ പരിശീലകനായ മോശയോടു വിശ്വസ്തത പുലർത്തിയവനാണ് യോശുവ.

സ്വഭാവദാർഢ്യവും ഭീതിയില്ലാത്ത വിശ്വാസവും ഉള്ളവരെ സമാനമനസ്കരായ ആളുകളുടെ കൂട്ടത്തിൽനിന്ന് ഒപ്പിച്ചെടുക്കുകയല്ല, എന്നാൽ ദൈനംദിന അനുഭവത്തിന്റെ പീഠഭൂമിയിൽനിന്ന് വാർത്തെടുക്കുകയാണ്. ഒരു ക്രിസ്തീയ മാതാവിന്റെ ദൈനംദിനമുള്ള പണികളും അല്ലെങ്കിൽ മതേതര ലോകത്തെ ക്രിസ്തീയ ബിസിനസുകാരന്റെ ദിനന്തോറുമുള്ള പരീക്ഷകളും സ്വഭാവദാർഢ്യവും ഭീതിയില്ലാത്ത വിശ്വാസവും ഉള്ളവരെ

ഉളവാക്കുവാൻ ദൈവം ക്രമീകരിച്ചതാണ്!

അപ്രകാരം, അവർ കീഴടക്കാൻ പോകുന്ന കനാന്യരുടെ ബലം നിരീക്ഷിച്ച് അറിയേണ്ടതിന് ചാരന്മാരായി അയയ്ക്കപ്പെട്ട വ്യക്തികളുടെ കൂട്ടത്തിൽ കാലേബും തിരഞ്ഞെടുക്കപ്പെട്ടു. ദേശത്ത് അതികായന്മാരായ മല്ലന്മാരുണ്ടെന്ന് അവിശ്വാസികളായ ബഹുഭൂരിപക്ഷം ചാരന്മാരും റിപ്പോർട്ടുചെയ്തു! എന്നാൽ **ഫലവർഗങ്ങൾ കൊണ്ട് അതിസമൃദ്ധം ആയിരിക്കുന്ന ഒരു ദേശത്തെക്കുറിച്ചാണ് കാലേബ് പറഞ്ഞത്. എല്ലാ അവസരത്തിലും അവിശ്വാസം ഒരു പ്രശ്നം കാണുന്നു, എല്ലാ പ്രശ്നത്തിലും വിശ്വാസം ഒരു അവസരം കാണുന്നു!**



**ജീവനിൽ വാഴുന്നു:** മുമ്പു കണ്ടതുപോലെ, ക്രിസ്തുവിനോട് അവന്റെ മരണത്തിലും പുനരുത്ഥാനത്തിലും ഉള്ള നമ്മുടെ താദാത്മ്യത്തിന്റെ 'നിഴലാണ്' യോർദാൻനദിയുടെ കുറുകെകടക്കൽ. അവൻ നേടിയ വിജയത്തിൽ കൂടി മാത്രമേ നമുക്ക് *യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴുവാൻ* (റോമ. 5.17) കഴിയുകയുള്ളൂ. എന്നാൽ മിക്കപ്പോഴും 'ജഡം' സ്വമേധയാ 'വിശ്വാസത്തെ' നീക്കംചെയ്യുന്നു, അതുകൊണ്ട് പൗലൊസ് ഗലാത്യ സഭയ്ക്ക് തുറന്നടിച്ചു മുന്നറിയിപ്പുകൊടുക്കുന്നു: *ഹാ! ബുദ്ധിയില്ലാത്ത ഗലാത്യരേ,...*

*നിങ്ങളെ ക്ഷുദ്രംചെയ്തു മയക്കിയത് ആര്?...നി ങ്ങൾ ഇത്ര ബുദ്ധികെട്ടവരോ? ആത്മാവുകൊണ്ട് ആരംഭിച്ചിട്ട് ഇപ്പോൾ ജഡംകൊണ്ടോ സമാപിക്കുന്നത്?* (ഗലാ. 3.1,3). ആയതിനാൽ കർത്താവായ യേശുക്രിസ്തുവിനോടുകൂടെ വാഴണമെങ്കിൽ സാത്താന്റെ ചതിപ്രയോഗങ്ങൾക്കു നാം വഴങ്ങരുത് എന്നത് അത്യാവശ്യമാണ്.

ശൗലിൽനിന്ന് ദാവീദിന് ഒരു ഇടക്കാലാശ്വാസം കിട്ടിയപ്പോൾ, നാബാലിന്റെ പ്രദേശത്തുകൂടെ കടന്നുപോകുന്ന ദാവീദിനും കൂട്ടർക്കുംവേണ്ടി നാബാലിന് 'ആടുകളെ രോമം കത്രിക്കുന്ന അടിയന്തര'ത്തിൽനിന്ന് അല്പം ഭക്ഷണം ചോദിച്ചു. നാബാലിന്റെ ഇടയന്മാർക്കു ദാവീദ് മുമ്പ് സഹായം ചെയ്തിരുന്നതിനാൽ അവനതു കൊടുക്കുമെന്ന് ദാവീദ് പ്രതീക്ഷിച്ചു. എന്നാൽ നാബാൽ അതു നിരസിച്ചു, എന്തുകൊണ്ടെന്നാൽ *അവനോ നിഷ്ഠൂരനും ദുഷ്കർമിയും ആയിരുന്നു*. അവന്റെ നിരസനം ദാവീദിനെ അത്യധികം കോപിപ്പിച്ചു. ആ കോപാവേശത്തിൽ അവൻ *ജഡംകൊണ്ട്* തീരുമാനിച്ചിട്ട് നാബാലിന്റെ വസ്തുക്കളൊക്കെയും നശിപ്പിക്കുവാനായി പുറപ്പെട്ടുപോയി.

ഇതാ, അബീഗയിൽ പ്രവേശിക്കുന്നു! *അബീഗയിൽ... നല്ല വിവേകമുള്ളവളും സുന്ദരിയും ആയിരുന്നു* (1ശമു. 25.3). വിവേകവും സൗന്ദര്യവും ഒരേ വ്യക്തിയിൽ! അവിവാഹിതരായ യുവാക്കൾ ഭാര്യക്കുവേണ്ടി തിരയുകയാണെങ്കിൽ ഈ ക്രമം ഓർത്തിരിക്കണം: ആദ്യം വിവേകം, പിന്നീട് സൗന്ദര്യം. അബീഗയിൽ ദാവീദിനെ ഉപദേശിച്ചു: *മനുഷ്യൻ നിന്നെ പിന്തുടർന്ന് നിനക്കു ജീവഹാനിവരുത്തുവാൻ എഴുന്നേറ്റാലും യജമാനന്റെ പ്രാണൻ നിന്റെ ദൈവമായ യഹോവയുടെ പക്കൽ ജീവഭണ്ഡാരത്തിൽ കെട്ടപ്പെട്ടിരിക്കും* (1ശമു. 25.29). അതിനു

ദാവീദ് താഴ്മയോടെ മറുപടി പറഞ്ഞു: *നിന്റെ വിവേകം സ്തുത്യം; രക്തപാതകവും സ്വന്തകൈയാൽ പ്രതികാരവും ചെയ്യാത്തവണ്ണം എന്നെ ഇന്നു തടുത്തിരിക്കുന്ന നീയും അനുഗ്രഹിക്കപ്പെട്ടവൾ* (1ശമൂ. 25.33).

**ക്രിസ്തുവിനോടു കൂടെയുള്ള ആരോഹണം:** പരിശുദ്ധാത്മാവു മാത്രമേ ഇത്തരത്തിലുള്ള മഹത്വകരമായ സത്യം വെളിപ്പെടുത്തുകയുള്ളൂ, *നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ട്* (എഫെ. 1.18). ക്രിസ്തുവിനോടൊപ്പമുള്ള എന്റെ ആരോഹണത്തിന്റെ അത്ഭുതകരമായ വസ്തുത പഴയനിയമത്തിൽ അന്തർലീനമാണെങ്കിലും പുതിയനിയമത്തിലാണ് അതു വ്യക്തമാകുന്നത്. പഴയനിയമത്തിൽ നാം വായിക്കുന്നു: *യജമാനന്റെ പ്രാണൻ നിന്റെ ദൈവമായ യഹോവയുടെ പക്കൽ ജീവഭണ്ഡാരത്തിൽ കെട്ടപ്പെട്ടിരിക്കും* (1ശമു. 25.29). പുതിയനിയമത്തിൽ നാം വായിക്കുന്നു: *നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു* (കൊലൊ. 3.3).

**സ്വർഗത്തിൽ:** പരിശുദ്ധാത്മാവു വെളിപ്പെടുത്തുന്നു: *വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം...അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ച് അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയർപ്പിക്കുകയും സ്വർഗത്തിൽ അവന്റെ വലത്തുഭാഗത്ത് എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവവും അവന്റെ കാല്ക്കീഴാക്കിവെച്ച്...* (എഫെ. 1.19–22).

വിശ്വാസിയെ സംബന്ധിച്ച് *സർവവും കർത്താവിന്റെ കാല് ക്കീഴാക്കിവെച്ചി*രിക്കുന്നു. അതുകൊണ്ട് 'അവനിൽ' സർവവും എനിക്കു കീഴിലാണ്. സ്വർഗത്തിൽ ഇരുത്തിയിരിക്കുന്നു. അതേ! *ദൈവമോ നമ്മെ...ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയർത്തെഴുന്നേല്പിച്ചു സ്വർഗത്തിൽ ഇരുത്തുകയുംചെയ്തു* (എഫെ. 2.4,7).

**ഉയരം** (Altitude): യൂറോപ്പിനെ മോചിപ്പിക്കുവാൻ സൈന്യം സംഘടിക്കുന്നതിനു രണ്ടു വർഷം മുമ്പ് മാതൃഭൂമിയെ




ശത്രുവിൽനിന്നു പ്രതിരോധിക്കുവാൻ ബ്രിട്ടൻ തനിയെ യുദ്ധംചെയ്തു. **ബ്രിട്ടൻ യുദ്ധം** ജയിച്ചത്, ശത്രുവിമാനങ്ങൾ ബ്രിട്ടന്റെ തീരത്തേക്കു വരുന്നുവെന്ന് അന്നത്തെ രഹസ്യ റഡാറുകൾ കണ്ടെത്തിക്കഴിയുമ്പോഴേക്കും **സ്പിറ്റ്ഫയർ, ഹരീക്കെയ്ൻ** എന്നീ യുദ്ധവിമാനങ്ങൾ അതിവേഗം ഉയരത്തിൽ പറന്നുചെന്ന് ആക്രമിച്ചതിനാലായിരുന്നു. ശത്രുവിന്റെ ലുഫ്റ്റ്വാഫെ എന്ന ബോംബറുകളെക്കാൾ വേഗത്തിലും ഉയരത്തിലും പറക്കുവാൻ കഴിയുന്ന സ്പിറ്റ്ഫയർ വിമാനങ്ങൾ ശത്രുവിമാനങ്ങൾക്കു ബോംബിടാൻ കഴിയുംമുമ്പ് അവയ്ക്ക് മുകളിലൂടെ പറന്നുചെന്ന് ആക്രമിച്ച് അപമാനകരമായ പരാജയം ശത്രുവിനു വരുത്തി. **ഉയരം വിജയത്തിനു വളരെ നിർണായകമായിരുന്നു!**

''എന്നാൽകുറച്ചു വിശ്വാസികൾപോരാട്ടത്തിന്റെ വ്യക്തമായ ആത്മിക അർഥം നിമിത്തം അതിവേഗം ഉയരത്തിൽ എത്തുക എന്നതും അതിവേഗം അധികാരമെടുക്കുക

എന്നതുമായ അനുഗ്രഹത്തിലേക്കു പ്രവേശിക്കാറില്ല. എന്നാൽ പല വിശ്വാസികളും ശത്രുവുമായി 'തന്ത്രപരമായ ആയുധനിയന്ത്രണം' എന്ന ഒരു ചർച്ചയിൽ ഏർപ്പെടുവാനാണ് താല്പര്യപ്പെടുന്നത്. അതു താഴെനിന്ന് മുകളിലേക്കു വെടിവെക്കുന്നതിനു തുല്യമാണ്. അത്തരത്തിൽ നാം പോരാടിയാൽ ശത്രുവിനാണ് നേട്ടം. വിജയകരമായി പോരാടണമെങ്കിൽ (പോർവിമാനങ്ങളെ പോലെ) താഴോട്ടായിരിക്കണം വെടിവെക്കേണ്ടത്.'' ആർ. ആർതർ മാത്യൂസ്.

ക്രിസ്തുവിലുള്ള വിജയത്തിനു വിശ്വാസത്തിന്റെ ജീവൻ ആവശ്യമാണ്: *ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ* (1യോഹ. 5.4). പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൻ അധികാരത്തിൽ ലഭിക്കുന്ന ജീവിതത്തിന് വിശ്വാസം തോന്നിപ്പിക്കുന്ന തരത്തിലെ ജീവിതം പകരമാകുകയില്ല. താഴ്മയുള്ള ഒരുവനെ പരിശുദ്ധാത്മാവ് അഭിഷേകം ചെയ്യുമ്പോൾ, സാക്ഷ്യത്തിനും സന്ദേശത്തിനും യഥാർഥമായ അധികാരം ഉണ്ടാകുന്നതാണു ഫലം. കർത്താവായ യേശുവിനെ ഏറ്റുപറയുന്ന കാര്യത്തിൽ ജാള്യത ഇനി ഉണ്ടാകുകയില്ല! ഒരു വിശ്വാസി പരിശുദ്ധാത്മവിന്റെ അഭിഷേകത്തിലും അധികാരത്തിലും സാക്ഷിക്കുമ്പോൾ, പാപത്തെക്കുറിച്ചുള്ള കുറ്റബോധവും, നീതിയെയും വരുവാനുള്ള ന്യായവിധിയെയും കുറിച്ചുള്ള ബോധ്യവും ഉളവാക്കുമെന്ന സന്തോഷകരമായ ഒരുറപ്പുണ്ട്.

ഒരിക്കൽ ഒരു കാറിന്റെ ബമ്പറിലെ സ്റ്റിക്കർ ഞാൻ കണ്ടു: ''എല്ലാ അധികാരത്തെയും എതിർക്കുക!'' നമ്മുടെ തെരുവുകളിലും നമ്മുടെ ക്ലാസ്മുറികളിലും നമ്മുടെ രാഷ്ട്രീയ സംവിധാനങ്ങളിലും അധികാരത്തോടുള്ള നമ്മുടെ

**അധികാരത്തെ ചോദ്യംചെയ്യുക അധികാരത്തെ എതിർക്കുക**

സമൂഹത്തിന്റെ എതിർപ്പു പ്രകടമാണ്. ഒരു ചൈനീസ് പഴമൊഴി ഇങ്ങനെ പറയുന്നു: ''അറിവില്ലാത്തവനും തനിക്ക് അറിവില്ല എന്ന് അറിവില്ലാത്തവനുമായവൻ വിഡ്ഢിയാണ്, അവനെ ഒഴിവാക്കുക. അറിവില്ലാത്തവനും തനിക്ക് അറിവില്ല എന്ന് അറിവുള്ളവനുമായവൻ ശുദ്ധഗതിക്കാരനാണ്, അവനെ പഠിപ്പിക്കുക. അറിവുള്ളവനും, എന്നാൽ തനിക്ക് എന്ത് അറിയാമെന്ന് അറിവില്ലാത്തവനുമായവൻ ഉറങ്ങുന്നവനാണ്, അവനെ ഉണർത്തുക. അറിവുള്ളവനും, തനിക്ക് അറിവുണ്ടെന്ന് അറിവുള്ളനുമായവൻ ജ്ഞാനിയാണ്, അവനെ പിന്തുടരുക!''

ലൂസിഫർ ദൈവത്തിന് എതിരേ മത്സരിച്ചപ്പോൾ അവൻ അത്യുന്നതനു നേരേ പ്രതിരോധമുയർത്തി: *ഞാൻ സ്വർഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതേ വയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവതത്തിന്മേൽ ഞാൻ ഇരുന്നരുളും. ഞാൻ മേഘോന്നതങ്ങൾക്കു മീതേ കയറും; ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്* (യെശ. 14.13,14).

എന്നിരുന്നാലും, *നാം ദൈവത്തിൽനിന്നുള്ളവർ എന്നു നാം അറിയുന്നു. സർവലോകവും ദുഷ്ടന്റെ അധീനത യിൽ കിടക്കുന്നു. ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിയുവാൻ നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു; നാം സത്യദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നെ ആകുന്നു. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു* (1യോഹ. 5.19,20).

**വളരെ ദേശം കൈവശമാക്കുവാനുണ്ട്:** യോശുവയുടെ വാർധക്യ സമയത്തും ദൈവം അവനോടു പറഞ്ഞു: *ഇനി ഏറ്റവും വളരെ ദേശം കൈവശമാക്കുവനുണ്ട്* (യോശു. 13.1).

എന്നിരുന്നാലും ദൈവം മുന്നറിയിപ്പുകൂടെ കൊടുക്കുന്നു: *എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല; ദൈവത്തിന്റെ (നിത്യമായ അസ്തിത്വമുള്ളവൻ) അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ* (എബ്രാ. 11.6).

തിരുവചനം നമ്മെ പ്രേരിപ്പിക്കുന്നു: *എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടുകൂടെ യാചിക്കണം: സംശയിക്കുന്നവൻ കാറ്റടിച്ച് അലയുന്ന കടൽത്തിരയ്ക്കു സമൻ. ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിൽനിന്നു വല്ലതും ലഭിക്കും എന്നു നിരൂപിക്കരുത്* (യാക്കോ. 1.6,7).

ജയാളിയായ കർത്താവായ യേശുക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെടുന്നതും ഒപ്പം ഉയിർക്കപ്പെടുന്നതും ഒപ്പം ആരോഹണം ചെയ്യപ്പെടുന്നതും വ്യക്തിപരമായ അറിവിനാലാണു സാധ്യമാകുന്നത്. എന്നാലാണു കർത്താവിന്റെ ജയകരമായ വിശ്വാസത്തിലേക്ക് അവൻ പ്രവേശിക്കപ്പെടുന്നത്. അപ്പോൾ ഉയിർത്തെഴുന്നേറ്റവനായ കർത്താവിനു തന്റെ നിത്യമായ ഉദ്ദേശ്യങ്ങളെല്ലാം പൂർത്തീകരിക്കുവാൻ കഴിയുന്നതുകൊണ്ട് അവനു മഹത്വമുണ്ടാകുന്നു. *ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ* (1യോഹ. 5.4).

## ഗ്രന്ഥകർത്താവിന്റെ ഇതര ഗ്രന്ഥങ്ങൾ

**നിങ്ങളുടെ ദൈവാന്വേഷണം.** വ്യക്തിപരമായ പഠനത്തിനും സുവിശേഷം മറ്റുള്ളവരോടു പങ്കുവെക്കാനും സഹായകരമായ ഈ പുസ്തകം പല ഇന്ത്യൻ ഭാഷകളിലും ലഭ്യമാണ്.

**വിശ്വാസത്തിനു പോഷണം.** ദൈവത്തിന്റെ വചനം നിങ്ങളുടെ കൈകളിൽനിന്ന് നിങ്ങളുടെ തലയിലേക്കും നിങ്ങളുടെ ഹൃദയത്തിലേക്കും പ്രവേശിക്കുവാൻ തക്കവണ്ണം മനസ്സിലാക്കുന്നത് എങ്ങനെയെന്ന് സഹായിക്കുവാനുള്ള ഒരു പുസ്തകം!

# വിശ്വാസത്തിൽ മുന്നോട്ട്

'*വിശ്വാസത്തിൽ മുന്നോട്ട്*' എന്ന ഈ പുസ്തകം പ്രിയ വായനക്കാരെ ഫറവോന്റെ ദേശത്ത് അനുഭവിക്കുന്ന അടിമത്തത്തിൽ നിന്ന് അനുഗ്രഹത്തിന്റെ വാഗ്ദത്തനാട്ടിലേക്ക് നയിക്കുവാൻ സഹായിക്കുന്നതാണ്. ദൈവത്തിന്റെ വിശുദ്ധിയുടെ ഭയങ്കരത്വത്തെ ധ്യാനിക്കുമ്പോൾ അത് വിശ്വാസജീവിതത്തെ ഉത്തേജിപ്പിക്കും;

ആൾക്കൂട്ടത്തിന്റെ മധ്യത്തിലായിരുന്നിട്ടും താങ്കൾ എപ്പോഴെങ്കിലും ഏകനാണെന്നു തോന്നിയിട്ടുണ്ടോ? കർത്താവായ യേശു ക്രൂശിന്റെ നിഴലിൽവച്ച് പറഞ്ഞു: *നിങ്ങൾ ഓരോരുത്തൻ താന്താന്റെ സ്വന്തത്തിലേക്കു ചിതറിപ്പോകുകയും, എന്നെ ഏകനായി വിടുകയും ചെയ്യുന്ന നാഴിക വരുന്നു;... പിതാവ് എന്നോടുകൂടെ ഉള്ളതുകൊണ്ട് ഞാൻ ഏകനല്ലതാനും* (യോഹ.16.32). ഏകനാണ്, എന്നാൽ ഏകനല്ലതാനും. യഥാർഥ ശിഷ്യന്മാരെ സംബന്ധിച്ചും അതു ശരിയാണ്. വിശ്വാസ ജീവിതത്തിൽ ധീരമായി മുന്നേറി വിജയം പ്രാപിക്കുവാൻ ഗ്രന്ഥകാരൻ ആഹ്വാനംചെയ്യുന്നു. താഴെപ്പറയുന്നവ ഈ പുസ്തകത്തിലെ ചില സന്ദേശങ്ങളാണ്:

- മഹാ സന്തോഷം!
- ''ധൈര്യമായിരിക്ക''
- ''എന്റെ സാന്നിധ്യം നിന്നോടു കൂടെ പോരും''
- പ്രയോഗത്തിലായ വിശ്വാസം
- വിശ്വാസത്തിൽകൂടി വിജയം



**റിച്ചാർഡ് എ. ബെന്നറ്റ്**, അമേരിക്ക, കാനഡ, യുറോപ്പ്, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ സഭകളിലും കോൺഫെറൻസുകളിലും ബൈബിൾ കോളജുകളിലും നാല്പതു വർഷത്തിലധികമായി ശുശ്രൂഷിക്കുന്നു. ട്രാൻസ് വേൾഡ് റേഡിയോയിൽനിന്നും ഫാർഈസ്റ്റ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷനിൽനിന്നും അഞ്ചു രാജ്യങ്ങളിലേക്ക് അദ്ദേഹത്തിന്റെ ബൈബിൾ പഠനങ്ങൾ ഇരുപത് വർഷം പ്രക്ഷേപണം ചെയ്തിരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തുവിനെ കൂടുതൽ അടുത്തറിയുവാൻ ആളുകളെ സഹായിക്കുന്നതിന് തങ്ങളുടെ ശുശ്രൂഷയിലൂടെ റിച്ചാർഡും ആദ്ദേഹത്തിന്റെ സഹധർമ്മിണി ഡൊറോത്തിയും ആത്മാർഥമായി ആഗ്രഹിക്കുന്നു.